# PHARMA FIRST

*Know Medicine, Earn Healthy Life*

Vol-1 Issue-11 December 2019



WORLD AIDS DAY

1 DECEMBER



## ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ലാതെ

### സിമിലിയ ഹോമിയോ ലബോറട്ടറീസ്

സ്ഥാപകൻ ശ്രീ കെ കെ അബ്ദുൾ റഷീദുമായി അഭിമുഖം

## Legal hurdles in Starting Online Pharmacies

## മൊബൈൽ ഫോൺ ഉപയോഗം കുട്ടികളിൽ

## Assistive, Adaptive Medical devices for the Disabled

പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ

## HIV/എയ്ഡ്സ്


## മരുന്നുവിൽപ്പന ലാഭകരമാക്കാൻ


PANKAJAKASTHURI
For life · for ayurveda
30 YEARS
ശ്വാസ സംബന്ധമായ പ്രശ്നങ്ങൾ അവളുടെ ഇഷ്ടങ്ങൾക്ക് ഒരിക്കലും തടസ്സമാകാതിരിക്കട്ടെ...
ചെറിയൊരു ബലൂൺ വീർപ്പിക്കാൻ പോലും കഴിയാത്ത അവസ്ഥ... കുട്ടികളുടെ ഉള്ളിൽ സന്തോഷം നിറയ്ക്കാൻ നമ്മളല്ലേ മനസ്സുവയ്ക്കേണ്ടത്... ശ്വാസ സംബന്ധമായ പ്രശ്നങ്ങൾ അവരുടെ ജീവിതത്തിൽ ഒരിക്കലും പ്രതിസന്ധികൾ തീർക്കാതിരിക്കട്ടെ. പൂർണ്ണമായും ആയുർവേദ ചേരുവകളാൽ തയ്യാറാക്കിയ പങ്കജകസ്തൂരി ബ്രീത് ഈസി രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ച് ശ്വാസോച്ഛ്വാസം സുഗമമാക്കുന്നു. തുമ്മൽ, കഫക്കെട്ട്, അലർജി, തുടർച്ചയായ മൂക്കൊലിപ്പ് എന്നിവ മുതൽ സാധാരണ ചുമയും ജലദോഷവും വരെ നിയന്ത്രിക്കാൻ ബ്രീത് ഈസി സഹായിക്കുന്നു.
100% HERBAL
NO HEAVY METALS
സംശയങ്ങൾക്ക് വിളിക്കുക:
081119 20777
പങ്കജകസ്തൂരി
ബ്രീത് ഈസി
ഇനി ശ്വസിക്കാം ഈസിയായി!
• Ph: 0472 289 5301/6301
• info@pkhil.com
• www.pankajakasthuri.in
ഗ്രാനൂൾസ് | സിറപ്പ് | ഷുഗർ ഫ്രീ ടാബ്‌ലറ്റ്സ്
• രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു
• മറ്റ് മരുന്നുകൾക്ക് ഒപ്പവും ഉപയോഗിക്കാം
• കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഫലപ്രദം

PHARMA FIRST

*Vol-1 Issue-11 December 2019*

# CONTENTS



INTERVIEW

**6**

## Interview with K.K. ABDUL RASHEED

സിമിലിയ ഹോമിയോപ്പതിക് ലബോറട്ടറീസ് സ്ഥാപകൻ ശ്രീ. കെ. കെ. അബ്ദുൾ റഷീദ് തന്റെ നാലു പതിറ്റാണ്ടുകൾ പിന്നിട്ട ഹോമിയോപ്പതി മരുന്ന് നിർമ്മാണ മേഖലയിലെ പ്രവർത്തനപരിചയം ആധുനിക കാലഘട്ടത്തിനനുയോജ്യമായ രീതിയിൽ മാറ്റിയെടുത്തതിന്റെ ചരിത്രം സത്യസന്ധമായി വിവരിക്കുന്നു -ഒപ്പം ഹോമിയോപ്പതി ചികിത്സയുടെ കാലിക പ്രസക്തിയും.



SCIENCE

**19**

## കേരളത്തിലെ അറിയപ്പെടുന്ന മരുന്ന് നിർമ്മാണ സ്ഥാപനങ്ങൾ

ഇന്ത്യൻ സാങ്കേതിക വിദ്യയിൽ നിർമ്മിച്ച, കേരളത്തിന്റെ അഭിമാനമായ TTK-ശ്രീചിത്ര ഹാർട്ട് വാൽവ് നിർമ്മാണ ഫാക്ടറിയെക്കുറിച്ചു അറിയേണ്ടതെല്ലാം.

EXCLUSIVE

**10**

## Legal hurdles in Starting Online Pharmacies in India.

Dr.K.G.Revi, a former Drugs Inspector and Rtd. Professor of Pharmacy, shares his observations in starting an Online Pharmacy, adhering to the regulatory and legal compliances. He also gives the comparative evaluation of online and conventional trading of drugs.

SCIENCE

**24**

## മരുന്നുകളുടെ വിൽപ്പനക്കാർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ


മരുന്ന് വിൽപ്പന എളുപ്പമാക്കാനും ലാഭകരമാക്കാനും ഔഷധ വ്യാപാരികൾ നിയമപരമായി ചെയ്യേണ്ട കാര്യങ്ങൾ ലളിതമായി വിവരിക്കുന്നു. ഇന്റേണൽ ഓഡിറ്റിംഗ് സമ്പ്രദായം വഴി അനാവശ്യ ചിലവുകൾ നിയന്ത്രിച്ചു മരുന്ന് വാങ്ങൽ കുറ്റമറ്റതാക്കാനുള്ള വഴികൾ നിർദ്ദേശിക്കുന്നു.

STORY

**15**

## ഒരു ഫാർമസിസ്റ്റിന്റെ പരിണാമങ്ങൾ.

ശ്രീ. പി.എ. ബാലചന്ദ്രൻ തന്റെ ഫാർമസി പ്രൊഫഷനിലെ തുടക്കകാലത്തെ മറക്കാനാവാത്ത അനുഭവങ്ങൾ സർക്കാർ ആശുപത്രിയുടെ പ്രവർത്തന പശ്ചാത്തലത്തിൽ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു



NEW CHALLENGES

**29**

പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ-

## HIV/എയ്ഡ്സ്

രോഗകാരണങ്ങളും, മുൻകരുതലുകളും ചികിത്സകളും വിശദമാക്കുന്ന ഡോ. നിനു അഖിലിന്റെ ലേഖനം.



SPECIAL FEATURE

**16**

## Medical Devices used for fighting Disability

Sri. Alwin Santoshkumar gives an outline of the Assistive, Adaptive and Medical Devices used for fighting Disability Problems, in connection with World Disability Day.



SPECIAL FEATURE

**31**

## മൊബൈൽ ഫോൺ ഉപയോഗം

**കുട്ടികളിൽ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ**

ചർമ്മ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന, ആയുർവേദ നുറുങ്ങുകൾ അടങ്ങിയ ഡോ. ദിലീപ് ആനന്ദിന്റെ ലേഖനം. വീട്ടിൽത്തന്നെ ചെയ്യാവുന്ന, പാർശ്വഫലങ്ങളില്ലാത്ത, ചില പച്ച മരുന്നുകൾ നിർദ്ദേശിക്കുന്നു.

www.aryavaidyasala.com

Kottakkal ayurveda



# 1902

Those were the days of foreign dominion. The days when national heritage and tradition were trampled upon. And Ayurveda, the primary health provider to Indians for centuries, was sidelined. It was then that the farsighted Vaidyaratnam P.S. Varier embarked on a pioneering venture. On the 12th of October in 1902, on a Vijayadasami day, he established Arya Vaidya Sala at Kottakkal. It epitomise the Ayurvedic renaissance of the last century. Today, one hundred and seventeen years later, it continues to excel as the modern face of authentic Ayurveda, with considerable presence in clinical service, medicine manufacture and distribution, research, education, med-plant cultivation and documentation.

# 2019


Hospital complex at Kottakkal


Hospital at Delhi


Hospital at Kochi


Charitable Hospital at Kottakkal


Medicinal plant estate


Centre for Medicinal Plants Research


P.S. Varier Museum at Kottakkal


Quality control laboratory


Factory complex at Kottakkal


Factory at Kanjikode


Factory at Nanjangud


Pilot plant

HOUSE OF AUTHENTIC AYURVEDA

VAIDYARATNAM P.S. VARIER'S

ARYA VAIDYA SALA

KOTTAKKAL-676 503, KERALA

ESTD 1902



Tel.: 0483 2808000, 2742216 | E-mail: mail@aryavaidyasala.com

4 HOSPITALS • 27 BRANCHES • MORE THAN 1800 AUTHORISED DEALERS

BRANCHES: Adoor- 0473 4220440, Ahmedabad- 079 27489450, Aluva - 0484 2623549, Bangalore - 080 26572956, Chennai - 044 28251246, 47, Coimbatore - 0422 2491594, Ernakulam - 0484 2375674, Indore - 0731 2513335, Jamshedpur - 0657 6544432, Kannur - 0497 2761164, Kolkata - 033 24630661, Kottakkal - 0483 2743380, Kottayam - 0481 2304817/2562396, Kozhikode(Kallai Road) - 0495 2302666, Madurai - 0452 2623123, Mangalore - 0824 2443140, Mumbai, Matunga (E) - 022 24016879, 24015195, Mysore - 0821 2331062, New Delhi - 011 24621790, Palakkad(Vadakanthara) - 0491 2502404, Palakkad(Town) - 0491 2527084, Secunderabad - 040 27722226, Thiruvananthapuram - 0471 2463439, Thiruvananthapuram (Kazhakkoottam) - 0471 2413439, Thrissur - 0487 2380950, Tirur - 0494 2422231, Vijayawada - 0866 2578864/65 AYURVEDIC HOSPITAL & RESEARCH CENTRES: Kottakkal - 0483 2808000, Delhi - 011 22106500, Kochi - 0484 2554000

**PHARMA FIRST**
*Know medicine, Earn Healthy life*

*Vol-1 Issue-11 December 2019*
*Price Rs 30/-*

Address
PHARMA FIRST
XVIII/302
Nellimala Road
Muvattupuzha-686661.
Phone: +91 8289856081
+91 8848729596
editorial@pharmafirstconsulting.com
www.pharmafirstconsulting.com
pharmafirstconsulting
pharmafirst_consulting

for online purchases :
www.pharmafirstonline.com
Subscription Desk +91 8289856081
Advertisement Desk +91 8848729596
enquiry@pharmafirstconsulting.com

Bank Details for Payment
AXIS Bank
A/c No. - 919020020110452
IFSC No.UTIB0002992
Branch : Muvattupuzha

DISCLAIMER :
The information and opinion presented in PHARMAFIRST reflect the views of the authors and not of PHARMAFIRST or its editorial board or the publisher

"Neither PHARMAFIRST nor its publishers nor anyone else involved in creating or delivering PHARMAFIRST, assumes any liability or responsibility for the accuracy, completeness or usefulness of any information provided in this."

Editor, Printer & Publisher:
M.R.Pradeep.
Layout : Today Graphics. kmgm

# ലോക എയ്ഡ്സ് ദിനാചരണം 31 വർഷം പിന്നിടുമ്പോൾ

ലോകമെമ്പാടും ആരോഗ്യമുള്ള ഒരു ജനതയെ വളർത്തിയെടുക്കുന്നതിന് ലോകാരോഗ്യ സംഘടനവഹിക്കുന്ന പങ്ക് വളരെ വലുതാണ്. രോഗങ്ങളെക്കുറിച്ചു ജനങ്ങളിൽ അവബോധം വളർത്തിയെടുത്തു പ്രതിരോധമാർഗ്ഗങ്ങൾ അവലംബിക്കുവാനും ആവശ്യമായ സമയത്തുതന്നെ ചികിത്സ തുടങ്ങി രോഗത്തെ കീഴടക്കാനും സാധിപ്പിക്കുന്നതിനാണ് **WHO** വിവിധ ആരോഗ്യ ദിനങ്ങൾ ആചരിക്കുന്നത്. ഈ മാസം ഒന്നാം തീയതി ലോകമൊട്ടാകെ **AIDS Day** ആചരിക്കുന്നു. 1988 മുതൽ **HIV/AIDS** നെതിരെയുള്ള പോരാട്ടത്തിൽ ജനങ്ങളെ അണിനിരത്തുന്നതിനായി ഈ ദിനം ഉപയോഗിക്കുന്നു. ലോകത്താദ്യമായി ആചരിച്ചു തുടങ്ങിയ ആരോഗ്യദിനവും ഇതാണ്. 1981 ൽ ലോകത്തെ ഞെട്ടിച്ചു കൊണ്ട് ഈ മരുന്നില്ലാത്ത രോഗം അറിയപ്പെട്ടു തുടങ്ങി. **HIV** വാഹകരായ ലക്ഷക്കണക്കിന് ജനങ്ങളിൽ ഭീതി വരുത്തിയ ഈ വൈറസ് 1984 ലാണ് കണ്ടെത്തിയത്. തുടർന്നുള്ള ഗവേഷണം ഇതിനുള്ള പ്രതിവിധിയ്ക്കായാണ്.


വർഷം തോറും മരണപ്പെടുന്ന ലക്ഷക്കണക്കിനാൾക്കാരെ ഓർമ്മിക്കുവാനും, **AIDS / HIV** വാഹകരോട് ഐക്യദാർഢ്യത്തിനായുമാണ് ഈ ദിനാചരണം കൊണ്ടുദ്ദേശിക്കുന്നത്. രോഗം വരാതിരിക്കുവാനുള്ള ഫലപ്രദമായ മുൻകരുതലുകൾ സ്വീകരിക്കുവാനും, സമൂഹത്തിൽ നിന്നും തിരസ്കരിക്കപ്പെട്ട രോഗവാഹകർക്കു ആശ്വാസം പകരുവാനും ഇന്നേ ദിവസം വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു.

ഇപ്പോഴും ഫലപ്രദമായ ഒരു പ്രതിരോധം തീർക്കാൻ കഴിയാത്ത ഈ രോഗം പടരുന്നത് പല രീതിയിലാണ്. സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം മൂലവും, **AIDS** ബാധിത ശരീരത്തിലെ സ്രവങ്ങളും കോശങ്ങളും വഴിയും, രോഗിയായ അമ്മയിൽ നിന്ന് മുലപ്പാൽ വഴിയും, ഗർഭസ്ഥ ശിശുവിനു പ്രസവത്തെ തുടർന്നും, രക്തം ദാനം ചെയ്യുന്നത് വഴിയും, മയക്കുമരുന്നിന് അടിമകളായവർ ഒരേ സിറിഞ്ചുപയോഗിച്ചു കുത്തിവയ്ക്കുന്നതു മൂലവും ഈ വൈറസ് ശരീരത്തിൽ പ്രവേശിക്കുന്നു. രക്തം കലരാത്ത മലം, മൂത്രം, കഫം, ഉമിനീർ, കണ്ണുനീർ, വിയർപ്പ് തുടങ്ങിയവ ഈ വൈറസ് വാഹകരല്ല. ശരീരസ്പർശം വഴിയും ഈ രോഗം സംക്രമിക്കില്ല. രോഗം വരാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിച്ചു മുൻപോട്ടു പോകുകയാണ് ഇന്നാവശ്യം. അതിനായുള്ള വിവിധ ആരോഗ്യ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നു. **KSACS** അഥവാ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഇതിനായുള്ള ബോധവൽക്കരണം സ്കൂളുകളിൽ നിന്നും ആരംഭിച്ചു നടപ്പാക്കി വരുന്നു. ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകി രക്തദാനത്തിൽ ശ്രദ്ധിക്കേണ്ട മുൻകരുതലുകൾ പ്രത്യേകം ശ്രദ്ധിക്കുന്നു. **HIV** വൈറസ്, രക്തം നൽകുന്ന ആളിൽ ഇല്ലായെന്ന് വിവിധ പരിശോധനകൾ വഴി സുരക്ഷിത രക്തദാന പ്രക്രിയ ഉറപ്പു വരുത്തുകയും ഉപയോഗിച്ച ശേഷം രക്തപരിശോധനയ്ക്കെടുക്കുന്ന സിറിഞ്ചുകൾ നശിപ്പിക്കുവാനും സംവിധാനം ഉണ്ടാക്കിയിരിക്കുന്നു. അതിനായി ലബോറട്ടറി ജീവനക്കാർക്ക് ബോധവൽക്കരണം നൽകുകയും മയക്കു മരുന്നുപയോഗിക്കുന്നവർക്കു സിറിഞ്ചുകൾ ലഭ്യമാക്കാതിരിക്കുവാനും ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിക്കുന്നു.

നാളിതു വരെ ഒരു പ്രതിരോധ വാക്സിനോ മരുന്നോ കണ്ടെത്താൻ കഴിയാത്ത ഈ രോഗത്തിന്റെ ഭീകരാവസ്ഥ മനസ്സിലാക്കി ജീവിതം താളത്തിലാക്കി മുൻപോട്ടു പോകാൻ നമുക്ക് കഴിയണം. ഈ വൈറസ് മൂലം മറ്റു മാരക രോഗങ്ങൾ വളരെപ്പെട്ടെന്നുണ്ടായി ഒരു ചെറിയ പനി കൊണ്ട് പോലും മരണത്തിലേക്ക് എത്തുന്ന അവസ്ഥ ഉണ്ടാകും. ശരീരത്തിന്റെ രോഗപ്രതിരോധ ശക്തി വർധിപ്പിക്കുകയും ശരിയായ രീതിയിലുള്ള ചികിത്സ സമയബന്ധിതമായി ചെയ്തും ഒറ്റമൂലി ചികിത്സപോലുള്ള വ്യാജചികിത്സകളിൽ അടിപ്പെട്ട് വഞ്ചിക്കപ്പെടാതെയും ഉത്തമ കുടുംബജീവിത മാതൃകകൾ സ്വീകരിച്ചും ഈ രോഗത്തിനെ നമുക്ക് നേരിടാൻ പറ്റും. 31 വർഷം പിന്നിട്ട ഈ **AIDS** ഡേ ആചരണം നമുക്ക് വഴികാട്ടട്ടെ.



സ്നേഹപൂർവ്വം
എം. ആർ. പ്രദീപ് (എഡിറ്റർ)
റിട്ട. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ



കേരളത്തിൽ ഹോമിയോ മരുന്നുവിപണിയിൽ കൊൽക്കത്തയുടെ കുത്തക അവസാനിപ്പിച്ച സിമിലിയ ലബോറട്ടറീസ് സ്ഥാപകൻ ശ്രീ കെ കെ അബ്ദുൾ റഷീദുമായി അഭിമുഖം

# ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ലാതെ

## സിമിലിയ ഹോമിയോ ലബോറട്ടറീസ്

സിമിലിയ ഹോമിയോ ലബോറട്ടറിയുടെ സ്ഥാപകനും കേരളത്തിൽ സ്വകാര്യ മേഖലയിൽ ആദ്യമായി ഹോമിയോ മരുന്ന് നിർമ്മാണം ആരംഭിച്ച സംരംഭകനുമായ **ശ്രീ. കെ. കെ അബ്ദുൾ റഷീദ്** തന്റെ നാലുപതിറ്റാണ്ടിലേറെ നീണ്ട ഹോമിയോ മരുന്ന് നിർമ്മാണ മേഖലയിലെ അനുഭവങ്ങൾ ഫാർമ ഫസ്റ്റ് വായനക്കാരുമായി പങ്കുവയ്ക്കുന്നു.

പശ്ചിമബംഗാളിൽ കൽക്കട്ടയിൽ മാത്രം ഒതുങ്ങി നിന്ന ഹോമിയോ മരുന്ന് നിർമ്മാണമേഖല കേരളത്തിന്റെ മണ്ണിലും വേരൂന്നാൻ പ്രയത്നിച്ച ഹോമിയോ ഡോക്ടർ അല്ലാത്ത ശ്രീ.കെ.കെ.അബ്ദുൾ റഷീദ് ആലപ്പുഴയിലെ ഹോംകോ ഫാക്ടറിയിലെ പ്രവർത്തി പരിചയം കൊണ്ട് സ്വന്തമായി ഒരു സ്ഥാപനം ആലുവയിൽ തുടങ്ങി, ഇന്ന് ഇന്ത്യയൊട്ടാകെ വിപണിയിൽ സജീവമായിരിക്കുന്നു. ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനവും അർപ്പണ ബോധത്തോടെയുള്ള ചിട്ടയായ പ്രവർത്തനവും സാങ്കേതിക സംവിധാനത്തിലുള്ള ഉറച്ച വിശ്വാസവും കൊണ്ട് പുതിയതായി വൈവിധ്യമാർന്ന പേറ്റന്റ് മരുന്നുകളും **സിമിലിയ ഹോമിയോ ലബോറട്ടറി** പുറത്തിറക്കിയിട്ടുണ്ട്. വിപണിയിലെ മാറ്റത്തിനനുസരിച്ച് ഹോമിയോ ചികിത്സകർക്കാവശ്യമായ എല്ലാത്തരം ജനറൽ മരുന്നുകളും നിർമ്മിക്കുന്ന ഈ സ്ഥാപനം പോണ്ടിച്ചേരിയിലും ഒരു യൂണിറ്റ് പ്രവർത്തിപ്പിക്കുന്നു. ഇവിടുത്തെ മരുന്നുകൾ വിദേശ വിപണിയും നേടിക്കഴിഞ്ഞു.

**1. ഹോമിയോ മരുന്നു നിർമ്മാണ മേഖലയിൽ സിമിലിയ ഹോമിയോ ലബോറട്ടറി 35 വർഷം പിന്നിട്ടിരിക്കുന്നു. ഈ കാലയളവിൽ സംഭവിച്ചിട്ടുള്ള പ്രധാനമാറ്റങ്ങൾ വിശദമാക്കാമോ?**

ഹോമിയോ മരുന്ന് നിർമ്മാണം കൽക്കട്ടയിൽ മാത്രം ഒതുങ്ങി നിന്ന കാലഘട്ടത്തിൽ ആണ് 35 വർഷം മുൻപ് സിമിലിയ ആരംഭിക്കുന്നത്. ഹോമിയോ ഡോക്ടർമാർ കൽക്കട്ട കമ്പനികളോട് മാത്രം ആഭിമുഖ്യം പുലർത്തിയിരുന്ന ആ കാലഘട്ടത്തിൽ ഞങ്ങൾക്ക് മാർക്കറ്റിൽ വളരെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഇന്ന് ആ സ്ഥിതിയിൽ മാറ്റം വന്നിട്ടുണ്ട്. ഇന്ത്യയിൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും മരുന്നുകൾ നിർമ്മിച്ചു വരുന്നു. ഈ കാലയളവിനുള്ളിൽ മരുന്ന് നിർമ്മാണത്തിന്റെ സമസ്ത മേഖലകളിലും, അതായതു ക്വാളിറ്റി, സ്റ്റാൻഡേർഡൈസേഷൻ, പാക്കിംഗ് തുടങ്ങിയവയിലെല്ലാം വളരെ പുരോഗതി പ്രാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**2. ഹോമിയോ ചികിത്സാസമ്പ്രദായവും മരുന്നു നിർമ്മാണവും മറ്റുള്ളവയിൽ നിന്നും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?**

രോഗിയുടെ എല്ലാ ലക്ഷണങ്ങളും, മാനസികാവസ്ഥയും, പാരമ്പര്യവും പരിഗണിച്ചാണ് ഹോമിയോ ഡോക്ടർ മരുന്ന് നിശ്ചയിക്കുന്നത്. മരുന്നുകളുടെ നിർമ്മാണവും മറ്റു മേഖലകളിൽ നിന്നും വ്യത്യസ്തമാണ്. ലോകത്തിന്റെ നാനാ ഭാഗത്തു നിന്നും ലഭ്യമായ ഹെർബുകളും, കെമിക്കലുകളുമാണ് പ്രധാനമായും ഹോമിയോ മരുന്ന് നിർമ്മാണത്തിൽ ഉപയോഗിക്കുന്നത്. MOTHER TINCTURE പ്രധാനമായും HERBAL PREPARATION ആണ്. ALCOHOL EXTRACTION യിലൂടെ ആണ് നിർമ്മിക്കുന്നത്. POTENTISATION, SUCCUSSION എന്നീ രീതിയിൽ ആണ് DILUTION / POTENCIES തയ്യാറാക്കുന്നത്.

**3. താങ്കളുടെ അഭിപ്രായത്തിൽ, കേരളത്തിൽ ഹോമിയോ മേഖലയുടെ വലിയതോതിലുള്ള സ്വീകാര്യതയ്ക്ക് തടസ്സമായി നിൽക്കുന്ന പ്രധാന ഘടകങ്ങൾ എന്തെല്ലാമാണ്?**

വ്യത്യസ്തമായ ചികിത്സാ രീതിയാണ്, ഈ മേഖലയിൽ ഓരോ ഡോക്ടർമാർ സ്വീകരിച്ചു വരുന്നത്, അത് കാരണം ഉയർന്നു വരുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഹോമിയോ മേഖലയെ പ്രതികൂലമായി ബാധിക്കാറുണ്ട്. കൂടാതെ മരുന്നുകളുടെ ഉപയോഗത്തിലുള്ള പൊതുസ്വഭാവവും വേറിട്ടിരിക്കുന്നു.

**4.ഹോമിയോപ്പതി ചികിത്സാ സമ്പ്രദായം ആയുഷ് വകുപ്പിന്റെ ഭാഗമായി മാറുമ്പോൾ, ഈ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ താങ്കൾ പ്രതീക്ഷിക്കുന്നു?**

ഈ മാറ്റത്തെ വളരെ അധികം ആകാംക്ഷാപൂർവ്വം നോക്കിക്കാണുന്നു. ഓരോ പഞ്ചായത്തിലും ഓരോ ഹോമിയോ ഡിസ്പെൻസറി എന്ന ആശയം, ഹോമിയോപ്പതിയുടെ സ്വീകാര്യത ഉറപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു കുടക്കീഴിൽ വരുമ്പോൾ പുരോഗതിയുടെ പാത തുറന്നു വരുമെന്ന് കാംക്ഷിക്കുന്നു.

പുതിയ മരുന്നുകൾക്ക് അംഗീകാരം ലഭിക്കുന്നതിൽ ഉള്ള നിബന്ധനകൾ കുറെ കൂടി ഉദാരമാക്കേണ്ടതാണ്. മറ്റു സംസ്ഥാനങ്ങളിൽ കോമ്പിനേഷൻ മരുന്നുകൾക്ക് നിഷ്പ്രയാസം അംഗീകാരം ലഭിക്കുമ്പോൾ കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. ഈ ഒരു അവസ്ഥ കേരളത്തിലെ ഹോമിയോപ്പതി മരുന്നുകളുടെ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയുഷ് മുഖേന ഒരു മാറ്റത്തിനു തുടക്കമാവുമെന്നു പ്രതീക്ഷിക്കുന്നു.

**5. പല മാറാരോഗങ്ങൾക്കും, ജീവിതശൈലീ രോഗങ്ങൾക്കും, വൈറൽ രോഗങ്ങൾക്കും ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് അനുഭവസ്ഥർ പറയുന്നു. പിന്നെ എന്തുകൊണ്ട് ഈ ചികിത്സാമേഖല കൂടുതൽ ജനകീയമാകുന്നില്ല? ജനങ്ങൾക്ക് മരുന്നു കടകളിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങാൻ പറ്റുന്ന സാഹചര്യം എന്നുണ്ടാകും?**

തുടക്കത്തിൽ പറഞ്ഞ പോലെ ഹോമിയോ ചികിത്സാ രീതിയിൽ രോഗിയുടെ ലക്ഷണങ്ങളും, പാരമ്പര്യവും കണക്കിലെടുക്കാറുണ്ട്. ഈ നിലയിൽ നോക്കുമ്പോൾ ഓരോ വ്യക്തിക്കും ഒരു രോഗത്തിന് നൽകുന്ന മരുന്നിൽ മാറ്റം ഉണ്ടാകും. ഏതൊരു ചികിത്സാരീതിയിലും ഡോക്ടറുടെ നിർദ്ദേശപ്രകാരം മരുന്ന് കഴിക്കുന്നതാണ് ഉത്തമം. ഹോമിയോ ഡോക്ടർ നിർദ്ദേശിക്കുന്ന പ്രകാരം മരുന്ന് വാങ്ങണം എന്നുണ്ടെങ്കിൽ, ഇന്ന് ആ അവസരം സുലഭമാണ്. പുതിയ യുഗത്തിനൊപ്പം ചുവടു വച്ച് കൊണ്ട്, ഓൺലൈൻ ഹോമിയോ മരുന്നുകൾ ഇന്ന് ലഭിക്കുന്നു. സിമിലിയക്കു സ്വന്തമായി ഓൺലൈൻ സ്റ്റോർ ഉണ്ട് similiaindia.com. അത് കൂടാതെ healthmug.com, 1mg.com, netmeds.com, shophealthy.com എന്നിങ്ങനെ ഉള്ള ഓൺലൈൻ സൈറ്റുകളിലും സിമിലിയ മരുന്ന് ലഭിക്കുന്നതാണ്.

**6. SHL യുടെ ഇന്നുവരെയുള്ള വളർച്ചയുടെ വിവിധ ഘട്ടങ്ങൾ വിശദമാക്കുമോ?**

തുടക്കത്തിൽ വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നെങ്കിലും ഇപ്പോൾ കേരളത്തിന് അകത്തും പുറത്തും സിമിലിയയ്ക്കു അർഹമായ അംഗീകാരം ലഭിക്കുന്നുണ്ട്. വലിയ പരസ്യങ്ങൾ ഒന്നും തന്നെ ഇല്ലാതെ ഞങ്ങളുടെ മരുന്നുകൾ ഉപയോഗിക്കുന്ന ഹോമിയോ ഡോക്ടർമാരിലൂടെ, മറ്റുള്ളവർ ഗുണമേന്മ മനസ്സിലാക്കി ഏറ്റെടുത്തതാണ്. വളരെ സാവധാനത്തിൽ ഉള്ള വളർച്ച ആയിരുന്നു ഞങ്ങളുടേത്.

**7. SHL ഏതെല്ലാം തരത്തിലുള്ള മരുന്നുകൾ ഇന്ന് നിർമ്മിക്കുന്നുണ്ട്? അവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ സ്വീകരിക്കുന്ന പ്രവർത്തികൾ വിവരിക്കാമോ?**

Mother tincture, dilution, trituration, biocom, biochemic, external oil, external ointment, patents.




> "മറ്റു സംസ്ഥാനങ്ങളിൽ കോമ്പിനേഷൻ മരുന്നുകൾക്ക് നിഷ്പ്രയാസം അംഗീകാരം ലഭിക്കുമ്പോൾ കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. ഈ ഒരു അവസ്ഥ കേരളത്തിലെ ഹോമിയോപ്പതി മരുന്നുകളുടെ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയുഷ് മുഖേന ഒരു മാറ്റത്തിനു തുടക്കമാവുമെന്നു പ്രതീക്ഷിക്കുന്നു."

പച്ചമരുന്നുകളുടെ ലഭ്യതയും സംഭരണവും മുതൽ, തയ്യാറാക്കിയ മരുന്നുകളുടെ ടെസ്റ്റിംഗ് വരെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ തരം ടെസ്റ്റുകൾ നടത്തി വരുന്നു. **Similia** യുടെ **motto** ആയ **No Compromise with Quality** യിൽ അടിയുറച്ചു നില്ക്കാൻ ഈ കാലമത്രയും കഴിഞ്ഞിട്ടുണ്ട്, തുടർന്ന് അത് നിലനിർത്താൻ ഞങ്ങൾ പൂർണ്ണമായും ശ്രമിക്കും.

**8. ഏതെല്ലാം സ്ഥലങ്ങളിലും രാജ്യങ്ങളിലും SHL മരുന്നുകൾ ഇപ്പോൾ വിൽക്കുന്നുണ്ട്? വേറെ എവിടെയൊക്കെ താങ്കൾ മരുന്നു നിർമ്മാണം നടത്തുന്നു?**

ഇന്ത്യ ഒട്ടാകെ ഇന്ന് സിമിലിയയുടെ മരുന്ന് ഞങ്ങൾ എത്തിക്കുന്നുണ്ട്. മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും, മലേഷ്യയിലും ഞങ്ങളുടെ മരുന്ന് ലഭ്യമാണ്. പോണ്ടിച്ചേരിയിൽ സിമിലിയയുടെ ഒരു സഹോദര സ്ഥാപനം കഴിഞ്ഞ 20 വർഷമായി പ്രവർത്തിക്കുന്നു.

**9. ഹോമിയോ മരുന്നുകളുടെ ഔഷധഗുണം പരിശോധിക്കാനുള്ള ആധുനിക സംവിധാനങ്ങൾ എന്തൊക്കെയാണ്? താങ്കളുടെ സ്വന്തം മരുന്നുകൂട്ടുകളുടെ വിപണി സ്വീകാര്യത എങ്ങനെയാണ്? ഏതെല്ലാം മരുന്നുകൾ കൂടുതൽ വിൽപ്പന ചെയ്യുന്നു?**

സിമിലിയയിലെ ഗവേഷണത്തിൽ രൂപം കൊണ്ട മരുന്നുകൾ രോഗികൾക്കിടയിൽ വളരെ അധികം സുപരിചിതമാണ്. ജീവിതശൈലി രോഗങ്ങൾക്ക് വേണ്ടിയുള്ള മരുന്ന് ഫലപ്രദവും ആണ്.

Hyperdin, Pilo Rid, Marigold, Arnica Hair Oil, Astha Rid, Feverid, Brahmi with Gold, Malt Tonic, Ferrovin എന്നിവ കൂടുതലായി വില്പനയിൽ വരുന്നു.

**10.ഹോമിയോ മരുന്നു നിർമ്മാണം കേരളത്തിൽ വിജയകരമാക്കാൻ എന്തെല്ലാം ചെയ്യണം?**

അസംസ്കൃത വസ്തുക്കളുടെ ലഭ്യത കേരളത്തിൽ ഏറ്റവും വലിയ ഒരു പ്രശ്നം തന്നെയാണ്. പച്ചമരുന്നുകൾ, പാക്കിംഗ് മെറ്റീരിയൽസ് എല്ലാം തന്നെ വടക്കേ ഇന്ത്യയിൽ നിന്നും വരുന്നത് കൊണ്ടും, കേരളത്തിലെ വേതനവും, ചിലവും മറ്റും കണക്കാക്കുമ്പോൾ, മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ ഉയർന്നതാണ്.

കേരളത്തിൽ മരുന്ന് നിർമ്മാണം ലാഭകരമാകണമെങ്കിൽ ലൈസൻസുകൾ ലഭിക്കാൻ ഉള്ള കാലതാമസം ഒഴിവാക്കേണ്ടിയിരിക്കുന്നു.

**11. ഈ മേഖലയിലെ ആധുനിക സാങ്കേതിക സംവിധാനങ്ങൾ എന്തൊക്കെയുണ്ട്? മരുന്നു നിർമ്മാണം കൂടുതൽ ലാഭകരമാക്കാൻ അതിനു കഴിയുന്നുണ്ടോ?**

യന്ത്രവത്കരണം ഒരു പരിധി വരെ ഉത്പാദനക്ഷമത കൂട്ടാൻ സഹായിക്കുന്നുണ്ട്. ഓട്ടോമാറ്റിക് ബാക് പൊട്ടൻസി മേക്കർ തുടങ്ങിയ ആധുനിക യന്ത്രങ്ങൾ വളരെ ഉപകാരപ്രദമാണ്.

**12. ഹോമിയോപ്പതി ചികിത്സയും മരുന്നു നിർമ്മാണവും പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഇനി എന്തെല്ലാം ചെയ്യണം?**

ഏതു മേഖലയുടെ വിജയവും ഗവേഷണത്തെ ആധാരമാക്കിയാണ്. സർക്കാർ സഹായത്തോടെ ഗവേഷണ സാധ്യത ഹോമിയോപ്പതിയിൽ വർദ്ധിക്കണം. ആധുനിക രീതിയെ വരവേൽക്കാൻ തയ്യാറാകണം.

ഹോമിയോപ്പതിയുടെ സാധ്യതകൾ ജനങ്ങളിലേക്ക് എത്തിക്കാൻ സർക്കാർ തലത്തിലുള്ള ബോധവത്കരണം അനിവാര്യമാണ്. ഹോമിയോപ്പതി

യുടെ പ്രാധാന്യം പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുകയും ജീവിതശൈലീരോഗങ്ങൾ പാർശ്വഫലങ്ങളില്ലാതെ പരിഹരിക്കാനുള്ള ചെലവ് കുറഞ്ഞ ചികിത്സാരീതിയായി ഈ സമ്പ്രദായത്തെ പരിപോഷിപ്പിക്കുകയും വേണം. മരുന്ന് നിർമ്മാണത്തിന് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്തു തന്നെ ലഭ്യമാക്കാനുള്ള നടപടികൾ കൃഷിവകുപ്പും ആയുഷ് വകുപ്പും സംയുക്തമായി ചേർന്ന് നടപ്പിലാക്കണം.

**13. താങ്കളുടെ ഹോംകോയിലെ പരിചയം എത്രത്തോളം SHLന്റെ വളർച്ചയിൽ സഹായകരമായിട്ടുണ്ട്? പുതിയ സ്ഥാപനങ്ങൾ തുടങ്ങുവാനുദ്ദേശിക്കുന്നവർക്കുള്ള സന്ദേശം?**

ഹോംകോയിലെ പ്രവൃത്തി പരിചയമാണ് ഹോമിയോയെ അടുത്ത് അറിയാനും ഈ മേഖലയിൽ എത്തുവാനും സഹായിച്ചത്.

നാം ഏതൊരു കാര്യത്തിൽ പ്രവർത്തിക്കുമ്പോഴും ആത്മാർത്ഥത മുതൽക്കൂട്ടായിവയ്ക്കുകയും, മൂല്യങ്ങളെ മുറുകെ പിടിക്കുകയും വേണം. ആ പ്രത്യേക വിഷയത്തെ ഉൾക്കൊള്ളുവാനുള്ള ആവേശം നമ്മുടെ ഉള്ളിൽ ഉണ്ടാകണം.

**14. SHL ന്റെ പുതിയ പദ്ധതികൾ എന്തൊക്കെയാണ്? കുടുംബം ഈ വളർച്ചയ്ക്ക് നൽകിയ പിന്തുണ എത്രത്തോളമുണ്ട്?**

ഞങ്ങളുടെ സേവനം കൂടുതൽ ദൂരം വരെ എത്തിക്കുവാൻ ഉള്ള എല്ലാ പദ്ധതികളും നോക്കുന്നുണ്ട്. കാലത്തിനൊപ്പം ഡിജിറ്റൽ ആവുക എന്നതാണ് **Similia**യുടെ ആശയം. ലോകമൊട്ടാകെ മരുന്നുകളെ പരിചയപ്പെടുത്തുവാനും, മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുവാനും, പുതിയ ഡോക്ടർമാരുമായി പരിചയപ്പെടുന്നതിനും ഇന്ന് നിമിഷങ്ങൾ മതി. ആ സാങ്കേതിക മാർഗം പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നു.

കുടുംബത്തിലെ ഓരോ വ്യക്തിയുടെയും പിന്തുണയാണ് സിമിലിയയുടെ വളർച്ച. സിമിലിയയുടെ മുന്നോട്ടുള്ള പ്രയാണത്തിന് ചുക്കാൻ പിടിക്കുന്നത് എന്റെ രണ്ടു ആൺമക്കൾ ആണ്. പുതുതലമുറയും ഞങ്ങൾക്കൊപ്പം മുന്നോട്ടു നീങ്ങുന്നു. അവരും ആത്മാർത്ഥരായ ജീവനക്കാരും ഇന്നത്തെ വളർച്ചയ്ക്ക് കാരണമാകുന്നു.




നാം ഏതൊരു കാര്യത്തിൽ പ്രവർത്തിക്കുമ്പോഴും ആത്മാർത്ഥത മുതൽക്കൂട്ടായിവയ്ക്കുകയും, മൂല്യങ്ങളെ മുറുകെ പിടിക്കുകയും വേണം. ആ പ്രത്യേക വിഷയത്തെ ഉൾക്കൊള്ളുവാനുള്ള ആവേശം നമ്മുടെ ഉള്ളിൽ ഉണ്ടാകണം.

# Legal hurdles in Starting Online Pharmacies in India.



**Prof. K.G. REVI**
Rtd. Professor of Pharmacy CPS Trivandrum.



## Introduction

The Government of India is planning to give license to start online Pharmacies. Online trading of drugs are already started in India and many pharmaceutical companies including the Giant manufacturers are going to start their own online pharmacies with lot of services useful to the consumers. Most of the major online pharma traders like Netmeds, Medlife, 1mg etc. are already established through consumer friendly services and promotional offers through advanced digital advertising tools.

Online pharmacies are based on customer friendly online platforms with advanced technical support to educate the consumers before procuring a drug based on legalised prescription from registered medical practitioners. The Indian online trading companies had adopted the same pattern followed by the USFDA approved online pharmacies in the US. The pattern followed is to upload a valid prescription send by the customers, and their legal verification based on the provisions contained in the Drugs and Cosmetics Act & Rules and after approval by the registered pharmacists, generate a valid sales bill as per rules and then inform the price and performa invoice to the customer for payment online and then dispatch by express couriers to the doorstep of the customer, with frequent SMS alert on the movement of the drugs from the warehouse to the customer.

## Procedure

• The conventional trading follows a four tier system from the manufacturer to the end user. It passes through the Company Depot, Super Stockist, Distributors and Retail dealers before delivery to the Patient.

• The price list applicable for the drugs coming under the scheduled category is known to the intermediate dealers and their commission is deducted in each stage of transactions with the applicable GST though there is an approved price list in Form V applicable for the drugs.

• The consumers may get some discount from the maximum retail price fixed for the drugs. In internet pharmacies a fixed margin is always given as discount from the maximum retail price printed on the container through the margin gained by direct procurement from the manufacturer.A minimum of 15% discount to the consumer is offered by the onlinestore and an additional benefit by dispatch to their doorstep without collecting any courier charge.


## Selection of Drugs

• The customers will get an opportunity to select a popular brand registered in their mind based on previous experience during use and they have an option to consult with another physician before taking a decision to purchase the drug from the online pharmacy.

• They can also opt for diagnostic test before changing the dosage from or dose through the online site.

• They will get adequate discounts for laboratory tests also. The customers will get an opportunity to verify prices in various internet platforms for comparison and can select the apt drug from their home with necessary professional support given by the service providers.

• Most of the trading are related to drugs used to treat lifestyle diseases, which comes around 60% of the total sale effected. These regular, lifelong customers are the backbone of the online pharmacies. These customers will also get considerable discounts in their laboratory tests and medical consultations too. Since they are regular customers they will get additional discounts during festival seasons also.



## Pharmaceutical Industry -Scope in Kerala Part 3

M.R.Pradeep.M.Pharm.



# Pharma Parks
## - A boost for industrial growth

Pharmaceutical Industry in Kerala is weakest in South India while the Pharmaceutical trade stood as first. The State must have a Pharmaceutical Policy for Industrial development and restructuring of the drugs trade, benefiting Public and Government. It should be designated as a thrust area for development under the ease of doing business concept. There should be a need based financial support system before giving approval to start a manufacturing unit of an essential commodity in the State. The Industries Department, with the tool of the Kerala State Industrial Development Corporation (KSIDC) or the Kerala State Industrial Enterprises (KSIE),must support the Pharmaceutical manufacturing units by providing adequate technical support and Infrastructure. The implementation of Pharma Vision 2020, of Central Government, in the State must start with the formation of various Clusters in Pharmaceutical manufacturing sector as a PPP Scheme. The self sufficiency of drugs required for use in State can be achieved only through empowerment of Pharmaceutical industry in the State.

The funds allotted in the Union Budget for development of Pharmaceutical Industries in the States through the Pharma Vision 2020 devised by Department of Pharmaceuticals, Government of India ,can be obtained with the start of a Detailed Project Report from the State. The state has sufficient resources like expert technical man power to execute the Projects and financial supports from NRIs and effluent business groups. A technical expert Committee must be formed in the Industries Department with the Support of Department of Health to study the feasibility of starting Pharma Parks in the State. They must evaluate the available resources favouring launching of such a big project having a capital of around 3000 to 4000 crores which can provide sufficient quantities of drugs and allied products to cater the needs of the state.

The minimum job opportunities which can be generated with this investment is around 25000 nos, directly and indirectly. Government must have a vision to implement the Central Government Plan to empower this weaker segment after having a broader industrial and healthcare policy. In the North Indian states like U.P, Haryana, Utharakhand, Himachal Pradesh etc, the concept of Pharma Parks are materialized with a huge capital with specific importance for exports.

The number of persons consuming drugs are rising day by day, especially to combat life style diseases. There are different types of Fixed Dose Combinations of drugs permitted to sell for controlling the complex diseases. The pharmaceutical industrial growth is also in the all time high stage and the relaxed GOI policy of allowing 100% investment in the sector also contributed the fast growth. Presently major industries are started in the Northern States and the industrially weak newly formed states . We are very much relying those States on the availability of lifesaving drugs at the rate offered by them. Though there is uniform controlled pricing of drugs in India through NPPA, there is relaxation in increasing the Ceiling Price annually, for existence of the firms. The firms run profitably through exports of their quality products with the relaxed EXIM policies of Government.

So, it is high time to frame a comprehensive Pharmaceutical Policy to empower the Manufacturing Industry in the State as a PPP scheme to fulfill the conditions of Pharma Vision 2020.

# Pharma Quiz




Dr. Swathy Pradeep. Pharm D

1. Name the diet focusing to control Insulin levels in the body ?
2. Which medical system adopts the law of Similar/ Single/minimum Medicine?
3. In which Dialysis method, a dialyzer is used as filter to clean the blood?
4. Which is the greatest environmental risk to Health according to WHO?
5. Name the chemical present in Chilli used as an additive in Paint industry?
6. Name the Antibiotic used to treat TB, having maximum AMR reported ?
7. Which micro organism causes the water borne disease Cholera?
8. Which agency is coordinating the Adverse Drug Reactions reported in India?
9. Which Popular Diet is recommended for patients having Epilepsy ?
10. Give the Generic name of the Project of Government of India, PMBJP ?




**Answers @ page 33**

A Review On

# "WHO Guidelines For Quality Assurance Of Herbal Medicines"

Part-IV

**Dr.Shan Sasidharan**
Director, R&D Division,
M/s Pankajakasthuri Herbals (P) Ltd.



## Microbial toxins

Mycotoxins and, when appropriate, endotoxins should be tested for using an appropriately validated and sensitive method, and amounts should be below the limits set in national or regional standards. It is recommended that in performing analyses for mycotoxins particular care should be taken, in line with good practice guidelines such as WHO good practices for national pharmaceutical control laboratories.

## Microbiological contaminants

Bacteria Salmonella and Shigella species must not be present in herbal medicines intended for internal use, at any stage. Other microorganisms should be tested for and should comply with limits set out in regional, national or international pharmacopoeias. Different pharmacopoeias have different testing requirements and these should be consulted when making the appropriate choice for the selected herbal materialsand herbal product.

## Residues

Pesticide residues Limits for pesticide residues should be established following the recommendations of the JMPR which have already been established for food and animal feed. These recommendations include an ADI and the analytical methodology for the assessment of specific pesticide residues. Currently however there are no standard procedures for assignment of these MRLs in the medicinal plant area and thus the methods used for foods could probably be used for the preparation of a model. This approach would apply in the case where a botanically identical medicinal plant is used as food. Historically the FAO and WHO have established MRLs, based on supervised trials and establishment of GAP for the use of pesticides for a variety of food commodities and combinations of pesticides and food commodities. If the listed food commodity (name of the original plant and the part of it used as food) is botanically identical to the medicinal plant part concerned and has an established MRL for a specific pesticide, the relevant MRL could be regarded as the MRL for the specific raw medicinal plant material. In this case, the MRL for the medicinal plant material in question could be further elaborated by establishing an appropriate formula to factor in drying of the plant material The toxicological evaluation of pesticide residues in herbal materials should be based on the likely intake of the material by patients. In the absence of a full risk assessment and for practical reasons, it is recommended that, in general, the intake of residues from herbal materials should account for no more than 1% of total intake from all sources, including food and drinking-water . Since the level of pesticide residues may change during the production process, it is vital to determine the actual quantity of residues consumed in the final dosage form. Because herbal medicines may be used for treatment of chronic diseases or for prophylactic reasons, it is suggested that the approach of the FAO in determining MRLs should be followed.

## Acceptable residue level

An ARL (in mg of pesticide per kg of medicinal plant material) can be calculated on the basis of the maximum ADI of the pesticide for humans, as, recommended by FAO and WHO, and the mean daily intake (MDI) of the medicinal plant material.Some countries and/or regions have established national requirements for residue limits in medicinal plant materials. If no such requirements exist, other references can be consulted, such as other pharmacopoeias or published documents. The appropriateness of risk assessment using the ARL needs further investigation and research

The following formula that is based on the acceptable daily intake (ADI) determined by FAO and WHO, may be used:

$$ARL = ADI \times E \times 60\ MDI \times 100$$

where: ADI = maximum acceptable daily intake of pesticide (mg/kg of body weight)

E = extraction factor, determined experimentally, which determines the transfer rate of the pesticide from the medicinal plant material into the dosage form

MDI = mean daily intake in kilograms of medicinal plant material 60: this number represents a mean adult body weight of 60 kg; it may need to be adjusted for certain

*Continue in page 17*



### ഒരു ഫാർമസിസ്റ്റിന്റെ പരിണാമങ്ങൾ.

# ചെമ്മരൻ



പി.എ. ബാലചന്ദ്രൻ

**ഞാ**ൻ ചെന്നു നോക്കുമ്പോൾ ആശുപത്രി വരാന്തയിൽ രണ്ടു ബഞ്ചുകൾ ചേർത്തിട്ട് അതിൽ കിടത്തിയിരിക്കുകയാണ് ചെമ്മരനെ.

എന്റെ പ്രായമേ വരൂ.

തൊട്ടാൽ പൊള്ളുന്ന പനി. വലതു പാദത്തിന്റെ അടിഭാഗത്തുനിന്നും ചോരയും പഴുപ്പും തുള്ളി തുള്ളിയായി വീണ് തറയിൽ തളം കെട്ടി കിടക്കുന്നു. വല്ലാത്ത നാറ്റവും.

ഞാനും ജോസഫും സ്ഥലത്തുണ്ടായിരുന്ന പൊതുകാര്യ പ്രസക്തരും കൂടി അടിയന്തിര കമ്മിറ്റി ചേർന്നു. ചെമ്മരനെ അവർക്ക് അറിയാം. ആദിവാസിയാണ്. വനത്തിനുള്ളിൽ ഊരെവിടെ എന്നു കൃത്യമായി അറിയില്ല. ദൂരെ എവിടെയോ പണിക്കു പോയിട്ടു വരുന്ന വരവാണ്. ആശുപത്രിയിൽ നിന്നും താഴേക്കുള്ള ഇറക്കത്തിന്റെ അവസാനം അരുവിക്കരയിൽ ബോധമില്ലാതെ കിടക്കുന്നതു കണ്ടെത്തിയവർ പൊക്കിയെടുത്തു കൊണ്ടു വന്നതാണ്.

പണിക്കു പോയാൽ മാസങ്ങൾ കഴിഞ്ഞാവും മടങ്ങിയെത്തുക എന്നതിനാൽ ആരും ചെമ്മരനെ ‘മിസ്’ ചെയ്യാനിടയില്ല.

കൂടുതൽ ആലോചിക്കാൻ സമയമുണ്ടായിരുന്നില്ല.

ചെമ്മരന്റെ സ്ഥിതി ഗുരുതരമാണ്.

ഞാൻ ജമാലിക്കയെ വിളിച്ചു.

ജമാലിക്ക എന്നു ഞാൻ വിളിക്കുന്ന പി.പി. ജമാലിനു കാര്യമായ വിദ്യാഭ്യാസമില്ല. പക്ഷെ ഒരു ഇരുപത്തഞ്ചു കൊല്ലത്തെ അനുഭവജ്ഞാനമുണ്ട്. എന്റെ പരിമിതമായ അറിവും ജമാലിക്കയുടെ ബൃഹത്തായ അനുഭവജ്ഞാനവും ചേർന്നപ്പോൾ ചെയ്യേണ്ട കാര്യത്തിന് ഏതാണ്ടൊരു രൂപരേഖയുണ്ടായി. ചെമ്മരന്റെ കാലിലെ കഠിനമായ ഇൻഫക്ഷൻ നിയന്ത്രിക്കുകയാണ് പ്രധാനമായും ചെയ്യാനുള്ളത്.

മരുന്നിന്റെ കാര്യത്തിൽ എനിക്കു കൂടുതൽ ചോയ്സൊന്നും ഉണ്ടായിരുന്നില്ല.

ബെൻസൈൽ പെനിസില്ലിൻ ഇൻജക്ഷൻ ആറുമണിക്കൂറിടവിട്ട് ഒരാഴ്ച കൊടുക്കാൻ ഞാൻ തീരുമാനിച്ചു.

പഴുത്തൊലിക്കുന്ന പാദം ക്ലീൻ ചെയ്തു ഗ്ലിസറിൻ മാഗ് സൾഫിൽ മുക്കിയ ഗോസ് പ്ലഗ് ചെയ്തു വൃത്തിയായി ഡ്രസ് ചെയ്തു ജമാലിക്ക.

പറഞ്ഞപ്പോൾ എളുപ്പം കഴിഞ്ഞു. സുമാർ രണ്ടുമണിക്കൂറെടുത്തു അതിന്.

ഒരു പായ, തലയിണ, പഴയൊരു കമ്പിളി എന്നിവ ജോസഫിന്റെ വീട്ടിൽനിന്നും വന്നു. നിയമവും ചട്ടവും മറികടന്ന്, ഒരു ഐ.വി. ഡ്രിപ്പ്പോലും കൊടുക്കാൻ സൗകര്യമില്ലാത്തിടത്ത് ഒരു രോഗിയെ കിടത്തി ചികിത്സിക്കുകയാണ്.

ചെമ്മരനെ രക്ഷിക്കാനായില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്തം എനിക്കു മാത്രമായിരിക്കും. പക്ഷെ അതൊന്നുമോർത്തു ഭയപ്പെടാൻ സമയമുണ്ടായിരുന്നില്ല അപ്പോൾ.

എല്ലാം കഴിഞ്ഞ് ഉരുകിത്തീരുന്ന മെഴുകുതിരിയുടെ ഇത്തിരിവെട്ടത്തിൽ പുറത്തെ കനത്ത ഇരുട്ടിലേക്കു നോക്കി നിശ്ശബ്ദരായി ഞങ്ങളിരുന്നു.

പ്രകാശത്തിന്റെ ഈ കൊച്ചു തുരുത്തിനപ്പുറം മരണത്തിന്റെ നഖമുനകൾ തിളങ്ങുന്നുണ്ടോ...?

തുടരും.



# Assistive, Adaptive & Medical devices for the Disabled

Alwin Santosh kumar



Disability in individuals prevent them from being able to perform all activities of daily living. Apart from the obvious difficulties that affect the disabled, disability also affects their independence, education, employment and most of all their confidence. However, with the invention of medical devices that use assistive and adaptive technology, the lives of the disabled have improved over the last few decades immensely.

World Health Organization defines Assistive devices and technologies as those which primarily aim to serve its purpose to maintain or improve an individual's function to and enhance one's overall well-being. These devices are also used to help prevent impairments and secondary health conditions.

Adaptive technology on the other hand, is a type of assistive technology where existing tools are adapted for use by disabled individuals. One example of adaptive technology is the use of speech recognition system by someone who doesn't have arms or the use of a special camera that follows the user's eye movements instead of a computer keyboard.

This article will discuss on some of the devices that use Assistive technology, Adaptive technology and Medical devices that are helping disabled people to live a normal life.

## 1. Mobility Equipment

Mobility equipment such as scooters, walkers, canes, crutches, prosthetic devices, and orthotic devices use assistive technology to help those who are mobility impaired. Along with manually operated wheel chairs, there are wheel chairs in the market that are made out of lightweight materials and computerised software systems. Another mobility equipment that has begun to emerge, developed by the defense industry to help soldiers carry heavy loads, is the powered exoskeleton, which helps people to walk and stand who are mobility impaired.

## 2. Hearing Aids

Hearing aids and Cochlear Implants are common examples of assistive technology that helps people who are partially or completely deaf. Depending on the damage the inner ear has sustained, a hearing aid helps in magnifying sound vibrations that enter the ear and converts them into neural signals that are passed along to the brain. Cochlear implants works in a different way than a hearing aid. Cochlear implants bypass damaged portions of the ear and directly stimulate the auditory nerve. Signals generated by the implant are sent by way of auditory nerve to the brain, which recognizes the signals as sound. Hearing through a cochlear implant is different from normal hearing and takes time to learn or relearn.

## 3. Visual Aids

Currently there are not any devices similar to the hearing aids that would help the blind to see their environment. A walking cane for the blind is the only assistive device that helps them to feel the environment and sense any obstacles around them. However, with the use of assistive and adaptive technology, people with impaired vision are being able to sense environment by converting spatial information into data by using other senses. One such example is the refreshable electronic Braille display, which when connected to a laptop or a tablet, uses screen reading technology to convert digital files into Braille one line at a time onto a small device. Each Braille cell on the display creates a Braille version of the characters that appear on screen.

## 4. Cognitive Aids

People with cognitive impairments have been using "Assistive Technology for Cognition" or "ATC" for their independence and life participation. ATC consists of certain low tech and mainstream devices such as electronic communication systems & kitchen devices etc. to help people with cognitive impairments. An example of ATC is when equipment with too many controls may confuse people with cognitive impairments, placing shields or colour codes on unneeded controls will help people to use the equipment with ease. Another example is the use of smart phones which has the ability to alert and remind people with cognitive impairments of tasks, memorize contact details of individuals etc.

## 5. Medical devices

There are also several medical devices available in the market that act and function as a substitute for an organ or a body part that would support the body or of a physiological process. One such example of a medical device is the 'Knee Replacement Implant' made out of materials such as titanium or chromium that act as a knee joint. Knee replacement surgery becomes an option when your knees does not respond to medications or treatment. This is one of the most safest and effective orthopedic surgeries where the surgeon removes the surface of the bones that has been damaged by osteoarthritis and replaces the knee with an artificial implant.

Intraocular lenses is a medical device that replaces the natural eye lens during cataract surgery. These lenses are also used in a type of vision correction surgery called refractive lens exchange. Depending on the design of intraocular lens, there are lens that are spherical optical design, Toric soft contact lenses that are premium intraocular lenses as they match the shape of the natural eye lens. One can choose any type of intraocular lens based on the individual's specific visual needs and their lifestyle.

## 6. Brain Computer Interface (BCI) technology

In June 2019, Researchers from Carnegie Mellon University in collaboration with University of Minnesota made a break through in the field of noninvasive robotic device control. The first ever successful mind-controlled robotic arm exhibiting the ability to continuously track and follow a computer cursor by using a noninvasive brain-computer interface (BCI) was developed by the researchers. Not too long ago, BCI had shown to achieve good results when controlling robotic devices using signals sensed from brain implants. However, since this require substantial amount of medical and surgical expertise to install the implant and considering the costs and risks associated to this procedure, this invasive procedure was limited only to few cases.

With the noninvasive robotic device control, it opens up to a broad set of applications especially benefiting the lives of people who are paralyzed or those with movement disorders. Carnegie Mellon University team reported that the technology also has applications that could help a variety of people, by offering safe, noninvasive "mind control" of devices that can allow people to interact with and control their environments.

A Review On
## "WHO Guidelines For Quality Assurance Of Herbal Medicines"

*Continue from page 14*

patient groups, nationalities, etc. 100: this number is a consumption factor of 100 reflecting the requirement that no more than 1% of the total pesticide residue consumed should be derived from medicinal plant material.

### Extraneous pesticide residues

According to the Codex Commission Committee on Pesticide Residues, residues of DDT and BHC have been found in some spices. It is suggested that for these compounds, EMRLs be established instead of MRLs in the same manner as for other pesticides for food commodities.

### Residual solvents

The term "permitted daily exposure" (PDE) is proposed as defining a pharmaceutically acceptable intake of residual solvents to avoid confusion resulting from differing values for ADIs of the same substance.



# Ask The Master

നിങ്ങളുടെ ഔഷധ സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

To
The Editor, Pharma First
18/302, Nellimala Road
Muvattupuzha, PIN -686661
email Id: editorial@pharmafirstconsulting.com

***Q.1*** പുതിയതായി ഒരു മെഡിക്കൽ സ്റ്റോറും ഡിസ്ട്രിബ്യൂഷനും തുടങ്ങുവാൻ ഒരു ഫാർമസിസ്റ്റിനെ മാത്രം നിയമിച്ചാൽ മതിയോ? പാർട്ട്ണർഷിപ് സ്ഥാപനത്തിൽ അടുത്തടുത്ത മുറിയിൽ തുടങ്ങാനാണുദ്ദേശം?

ബിജു എം.പി., ഓടക്കാലി, കോതമംഗലം

***Ans.*** രണ്ടു തരം ബിസിനസ്സ് ആണ്, റീട്ടയിലും, ഡിസ്ട്രിബ്യൂഷനും. അടുത്തടുത്ത മുറിയിലാണെങ്കിലും രണ്ടു ഫാർമസിസ്റ്റുകൾക്കു ഉത്തരവാദിത്തം നൽകുന്നതാണ് ഭാവിയിൽ ഗുണകരം. രണ്ടു ഡോർ നമ്പറുള്ള മുറിയിൽ ഓരോന്നിനും പ്രത്യേകമാണ് ലൈസൻസ് നൽകുന്നത്. രണ്ടു പേരുകൾ സ്ഥാപനങ്ങൾക്ക് നൽകുവാനാകും. പാർട്ട്ണർമാരെ ഓരോ സ്ഥലത്തും ഉത്തരവാദപ്പെടുത്തുവാനും കഴിയും. തൽക്കാല ലാഭത്തിനു ഒരു ഫാർമസിസ്റ്റിനെ മാത്രം നിയമിക്കുന്നത് സ്ഥാപന വളർച്ചയ്ക്ക് ഉപകാരപ്പെടുകയില്ല.

---

***Q.2*** എന്റെ വീടിനു തൊട്ടടുത്തു ആയുർവേദ ഹെയർ ഓയിൽ നിർമ്മിക്കുന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ പല സ്ഥലത്തും ഇവിടെ നിന്നും ഓയിൽ വാങ്ങി വിൽപ്പന നടത്തുന്നു. ബോർഡോ, ലേബലോ ഒന്നും ഇവിടെ വച്ചിട്ടില്ല. ഇതിനു നിയമസാധുതയുണ്ടോ എന്ന് എങ്ങനെ അറിയാം? പഞ്ചായത്തിൽ നിന്നും എന്തോ ലൈസൻസ് ഉള്ളതായറിയാം.

മുനീർ.പി.എം., വടകര, കോഴിക്കോട്.

***Ans.*** സ്ഥാപനത്തിൽ നിന്നും വാങ്ങുന്നവർക്ക് എന്തെങ്കിലും ബില്ല് കൊടുക്കുന്നുണ്ടോ എന്നന്വേഷിക്കുക. പഞ്ചായത്തിൽ അന്വേഷിച്ചാൽ ആരുടെ പേരിൽ എന്ത് ലൈസൻസാണുള്ളതെന്നറിയാം. ഈ വിവരങ്ങൾ വച്ച് കോഴിക്കോട് ആയുർവേദ ഡ്രഗ് ഇൻസ്പെക്ടറുടെ സിവിൽ സ്റ്റേഷനിൽ ഉള്ള ഓഫീസിൽ അന്വേഷിച്ചാൽ വിശദവിവരം ലഭിക്കും. ലൈസൻസ് ഇല്ലാത്ത പക്ഷം അത് പരാതിയാക്കി തുടർ നടപടികൾ അവിടെ നിന്നും സ്വീകരിക്കും.

***Q.3*** ഞങ്ങളുടെ സഹകരണ സ്ഥാപനത്തിന് പുതിയതായി ഒരു മെഡിക്കൽ സ്റ്റോർ തുടങ്ങാൻ ഉദ്ദേശമുണ്ട്. ഇപ്പോഴുള്ള ഒരു സ്റ്റേഷനറികടയിൽ തുടങ്ങാൻ പറ്റുമോ? പ്രത്യേക നമ്പർ ആവശ്യമുണ്ടോ?

ശശീന്ദ്രൻ.എം., തലയാഴം, വൈക്കം

***Ans.*** നീതി സ്റ്റോർ ആയിട്ടാണ് തുടങ്ങുന്നതെങ്കിൽ കൺസ്യൂമർ ഫെഡിന്റെയും സഹകരണ രജിസ്ട്രാറുടേയും അംഗീകാരം ആദ്യം എടുക്കണം. മുറിയ്ക്ക് ആവശ്യത്തിന് അളവും, മരുന്ന് സൂക്ഷിക്കാൻ സ്റ്റോറേജ് സൗകര്യവുമുണ്ടെങ്കിൽ നിലവിലുള്ള മുറിയിൽ ഡ്രഗ്സ് ലൈസൻസ് ലഭിക്കും. മുറിയ്ക്കു പ്രത്യേക നമ്പർ എടുക്കാൻ പറ്റുമെങ്കിൽ അതാണ് നിയമപരമായി നല്ലത്.

---

***Q.4*** ആയുർവേദ മരുന്നുകൾ സൂക്ഷിക്കാൻ ഗോഡൗൺ ആവശ്യപ്പെട്ടു ഒരാൾ സമീപിച്ചിട്ടുണ്ട്. മുറി വാടകയ്ക്ക് നൽകുമ്പോൾ അവർക്ക് സർക്കാരിന്റെ ലൈസൻസ് അപേക്ഷയിൽ വാടകക്കാരുടെ രേഖകൾ കാണിക്കേണ്ട ആവശ്യമുണ്ടോ? റെന്റ് എഗ്രിമെന്റ് രജിസ്റ്റർ ചെയ്യണമോ?

ഷീല. പി. എൻ. വൈക്കപ്രയാർ, കോട്ടയം

***Ans.*** ആയുർവേദ മരുന്ന് ഗോഡൗണിന് ഡ്രഗ്സ് ലൈസൻസ് ആവശ്യമില്ല. അവിടെ നിന്നും വിൽപ്പന ഇല്ലാത്തതിനാൽ ഒരു പഞ്ചായത്ത് ലൈസൻസ് മാത്രമേ വേണ്ടതുള്ളൂ. റെന്റ് ഡീഡ് രജിസ്റ്റർ ചെയ്യുകയാണ് നല്ലത്.

---


***Q.5*** ഫാം.ഡി കോഴ്സ് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വന്തമായി ആശുപത്രി വേണമെന്ന് നിബന്ധനയുണ്ടോ?


സലീം. സി. എം. മുഴിക്കൽ, കോഴിക്കോട്.

***Ans.*** ഫാം.ഡി കോഴ്സിന്റെ മൂന്നാം വർഷം മുതൽ ആശുപത്രിയിൽ ട്രെയിനിങ് നൽകാൻ നിർദ്ദേശമുള്ളതായി കാണുന്നു. ഏതെങ്കിലും ആശുപത്രിയുമായി ഒരു കരാർ ഉണ്ടാക്കി അവിടുത്തെ സൗകര്യം ഉപയോഗിച്ചാലും മതി. അതു ബന്ധപ്പെട്ട അധികാരികളെ അറിയിച്ചു അനുവാദം വാങ്ങണം.

# കേരളത്തിലെ ഔഷധ നിർമ്മാണ സ്ഥാപനങ്ങളെ അറിയുക

## ടി.ടി.കെ.ഹെൽത്ത് കെയർ ലിമിറ്റഡ്
### ഹാർട്ട് വാൽവ് നിർമ്മാണ യൂണിറ്റ്
### തിരുവനന്തപുരം.






ടി.ടി.കെ. ഹെൽത്ത് കെയർ, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി മെഡിക്കൽ കോളേജ് തിരുവനന്തപുരവുമായി ചേർന്നു ഹാർട്ട് വാൽവുകൾ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് തിരുവനന്തപുരത്തു തുമ്പയിലുള്ള കിൻഫ്ര അപ്പാരൽ പാർക്കിൽ പ്രവർത്തിച്ചു വരുന്നു. **ഇന്ത്യയിലെ ഏക ഹാർട്ട് വാൽവ് നിർമ്മാണ സ്ഥാപനമാണിത്.** കഴിഞ്ഞ 29 വർഷം കൊണ്ട് ലോകത്തെമ്പാടുമുള്ള ഏകദേശം ഒന്നേകാൽ ലക്ഷം ഹൃദ്രോഗികളിൽ കുറഞ്ഞ ചിലവിൽ ഗുണമേന്മയോട് കൂടി ഈ ഹാർട്ട് വാൽവുകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്. 1978 മുതൽ 12 വർഷം ഹൃദയ ചികിത്സാരംഗത്തു വിദഗ്ദ്ധരായ **Sree Chithira Thirunal Institute of Medical Sciences & Technology** യുമായി ചേർന്ന് ഗവേഷണം നടത്തി നൂതന സാങ്കേതിക വിദ്യയിൽ നിർമ്മിച്ച് കേന്ദ്ര സർക്കാർ അംഗീകാരത്തോടെയും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഡ്രഗ്സ് ലൈസൻസും എടുത്തു വിപണിയിൽ സജീവമായി നിലകൊള്ളുന്നു.

മനുഷ്യ ഹൃദയത്തിനു നാലു വാൽവുകളാണുള്ളത് **Tricuspid valve, Pulmonary valve, Mitral valve and Aortic valve.** ഈ വാൽവുകൾ രക്തത്തിന്റെ സുഗമമായ ഒഴുക്കിനു സഹായം ചെയ്യുന്നു. ഇതിൽ **Tricuspid, mitral** വാൽവുകൾ ഹൃദയത്തിന്റെ പമ്പിങ് ചേംബറുകളായ വെൻട്രിക്കിൾസ് നിറയ്ക്കാനും **pulmonary, aortic** വാൽവുകൾ പുറത്തേയ്ക്കുള്ള ഒഴുക്ക് നിയന്ത്രിക്കാനും സഹായിക്കുന്നു. ഹാർട്ട് വാൽവുകൾക്കു തകരാർ സംഭവിച്ചു പ്രവർത്തനം നിലയ്ക്കുമ്പോൾ കൃത്രിമമായി നിർമ്മിക്കുന്ന വാൽവുകൾ പിടിപ്പിക്കുന്നു. പ്രധാനമായും മൂന്നു തരം വാൽവുകളാണുള്ളത്.

- **Caged Ball,**
- **Tilting Disc and**
- **Bileaflet.**

ഇതിൽ ചിലവുകുറഞ്ഞതും ഗുണം കൂടിയതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ വാൽവുകളാണ് **Tilting disc heart** വാൽവുകൾ. **TTK-ചിത്ര** വാൽവുകൾ ഈ ഗണത്തിൽ പെടുന്നു.

**TTK Chitra ഹാർട്ട് വാൽവിന് മൂന്നു ഘടകങ്ങളാണുള്ളത്.**

•A frame carved out of a single block of Chrome Cobalt Alloy, long proven in cardiac valvular implants.
•An occluder made from the superbly bio compatible Ultra High Molecular Weight Polyethylene (UHMW-PE).
• A sewing ring made from implant tested 100% Polyester fabric.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സമയമെടുത്തു ഗവേഷണ നിരീക്ഷണങ്ങൾ നടത്തി ക്ലിനിക്കൽ പരിശോധന വഴി ഡിസൈൻ ചെയ്തു നിർമ്മിച്ചെടുത്ത ഉപകരണമാണ് TTK ചിത്ര ഹൃദയ വാൽവ്. 1978 ൽ കണ്ടുപിടിച്ചെങ്കിലും 12 വർഷം നീണ്ട പ്രക്രിയകൾക്കു ശേഷമാണ് അന്താരാഷ്ട്ര ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ ഉപകരണം വിപണിയിലെത്തിയത്. കൂടുതൽ കാലം ശരീരത്തിൽ കേടുപാടുകൾ കൂടാതെ നിലനിൽക്കുവാനും ഉപയോഗിക്കുന്നയാൾക്കു സുരക്ഷയും ഉറപ്പു വരുത്തിയാണിത് അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഹാർട്ട് വാൽവ് മാറ്റി വയ്ക്കുന്ന ശസ്ത്രക്രിയ ചെയ്യുന്ന 200 ആശുപത്രികളിൽ 180 സ്ഥലത്തും TTK വാൽവുകളാണ് ഉപയോഗിക്കുന്നത്. TTK Chitra വാൽവുകൾ സൗത്ത് ആഫ്രിക്ക, ശ്രീലങ്ക, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. കേരളത്തിൽ ഫാർമ മാനുഫാക്ച്ചറിങ് മേഖലയിലുള്ളവർ പോലും അറിയാതെ തിരുവനന്തപുരത്തു കിൻഫ്രയുടെ വ്യവസായ പാർക്കിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഹൃദ്രോഗികൾക്ക് വാൽവ് തകരാർ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ കുറഞ്ഞ ചിലവിൽ പരിഹരിച്ചു വിദേശവിപണിയിലും സാന്നിദ്ധ്യമറിയിച്ചു മുന്നേറുകയാണ്.

Address:
TTK Healthcare Limited, Heart Valve Division
Plot A-28, KINFRA International Apparel Park
St. Xavier's College P.O
Thumba, Trivandrum, Kerala 695 586, INDIA.
Phone: 91-471-2707002 / 2707004
Fax: 91-471-2707004.

# New Drugs




## Acalabrutinib 100mg capsules

Approved by CDSCO on 23.10.2019

Acalabrutinib Capsules, for Oral Use with the trade name CALQUENCE®

Acalabrutinib is a white to yellow powder with pH-dependent solubility. It is freely soluble in water at pH values below 3 and practically insoluble at pH values above 6.

Acalabrutinib is an inhibitor of Bruton tyrosine kinase (BTK). which can interfere with the growth and spread of cancer cells. Acalabrutinib and its active metabolite, ACP-5862, form a covalent bond with a cysteine residue in the BTK active site, leading to inhibition of BTK enzymatic activity. So it is used to treat **mantle cell lymphoma** (a type of non-**Hodgkin lymphoma**) in adults. It is given after other treatments have failed. It is a prescription medicine used to treat adults with MCL, who have received at least one prior treatment for their cancer.

The recommended dose of CALQUENCE is 100 mg taken orally approximately every twelve hours until disease progression or unacceptable toxicity. It may be taken with or without food. Store at 20°C-25°C.

CALQUENCE capsules for oral administration contains 100 mg acalabrutinib and the following inactive ingredients: silicified microcrystalline cellulose, partially pregelatinized starch, magnesium stearate, and sodium starch glycolate. The capsule shell contains gelatin, titanium dioxide, yellow iron oxide, FD&C Blue 2 and is imprinted with edible black ink.

- The following adverse reactions are reported.
- Bleeding problems (hemorrhage) may happen during treatment , including:
- blood in your stools or black stools (looks like tar)
- pink or brown urine
- unexpected bleeding, or bleeding that is severe or
- vomit blood or vomit that looks like coffee grounds
- cough up blood or blood clots
- dizziness
- weakness
- confusion
- changes in speech
- headache that lasts a long time
- Infections which happen during treatment can be serious and may lead to death. It starts with fever, chills, or flu-like symptoms.
- Decrease in blood cell counts. Decreased blood counts (white blood cells, platelets, and red blood cells) are common. So, conduct monthly blood tests to check blood counts.

- Second primary cancers. New cancers have happened in people during including cancers of the skin. Use sun protection to avoid sunlight. Heart rhythm problems (atrial fibrillation and atrial flutter) have happened in some people,like, heartbeat is fast or irregular.feel lightheaded or dizzy.
- pass out (faint)
- shortness of breath
- chest discomfort. The most common adverse reactions were anemia, thrombocytopenia, headache, neutropenia, diarrhea, fatigue, myalgia, and bruising. Advise women not to breastfeed during treatment with CALQUENCE and for at least 2 weeks after the final dose.

# ഫാർമസി ഉപരിപഠന സാദ്ധ്യതകൾ

## എം.ടെക് (ഫാർമസ്യൂട്ടിക്കൽ ടെക്നോളജി)

**Balan C.S.** Rtd. Asso. Prof. of Pharmacy



ഫാർമസിയിലും ഫാർമസ്യൂട്ടിക്കൽ ടെക്നോളജിയിലും ശാസ്ത്രീയമായ രീതിയിൽ അറിവ് നേടാനും പ്രായോഗികമായി മരുന്ന് നിർമ്മാണ മേഖലയിൽ അത് പ്രാവർത്തികമാക്കുവാനും ഉതകുന്ന രീതിയിൽ തയ്യാറാക്കിയ ഒരു രണ്ടുവർഷ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സാണ് **എം.ടെക് (ഫാർമസ്യൂട്ടിക്കൽ ടെക്നോളജി).**

ഔഷധ നിർമ്മാണ മേഖലയിൽ ഉപകാരപ്പെടുന്ന രീതിയിൽ പുതിയ മരുന്നുകൾ നിർമ്മിക്കുവാനും, അവയുടെ ഗുണങ്ങൾ വർധിപ്പിച്ചു പ്രത്യേക രീതിയിൽ വികസിപ്പിക്കുവാനും, എളുപ്പമുള്ള ഉൽപ്പാദന മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും, പുതിയ രീതികൾ വഴി നിർമ്മാണച്ചിലവും ആധുനീകരണവും ഏർപ്പെടുത്തുവാനും ഈ പഠനം വഴികാട്ടുന്നു. ഈ കോഴ്സ് ആറു മാസം വീതമുള്ള നാലു സെമെസ്റ്ററുകളായി വിഭജിച്ചാണ് പൂർത്തിയാക്കുന്നത്. ബയോളജിയും ബയോകെമിസ്ട്രിയും കെമിക്കൽ എൻജിനീയറിങ്ങും കൂടിച്ചേർന്ന ഒരു കോഴ്സാണിത്. പഠനശേഷം ഉന്നത കോഴ്സുകളായ പി.എച്ച്.ഡി., എം.ഫിൽ. എന്നിവയ്ക്കും ചേരാം.

കുറഞ്ഞത് അറുപതു ശതമാനം മാർക്കോടെ ബിരുദം നേടിയിരിക്കണം. ബി.ഫാം.കാർക്ക് പുറമെ ബി.ടെക്/ബി.ഇ. ക്കാർക്കും എം.എസ്.സി ക്കാർക്കും പ്രവേശനം ലഭിക്കും. അപേക്ഷിക്കുന്നയാൾ ഈ വിഷയത്തിനെ അടിസ്ഥാനമാക്കിയുള്ള ഒരു പൊതുപ്രവേശന പരീക്ഷ നല്ല രീതിയിൽ പാസ്സാകണം. കൂടാതെ അടിസ്ഥാന വിഷയങ്ങളിൽ മികച്ച മാർക്കും ഉണ്ടായിരിക്കണം.

രണ്ടു വർഷം ഏതെങ്കിലും മരുന്ന് നിർമ്മാണ സ്ഥാപനത്തിൽ ജോലി നോക്കിയിട്ടുള്ളവർക്കു പ്രവേശനത്തിൽ മുൻഗണന ലഭിക്കും.

NIPER മൊഹാലിയിലും ഹൈദരാബാദിലും ഈ കോഴ്സ് നടത്തുന്നുണ്ട്. അവിടങ്ങളിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി ഉന്നത മരുന്ന് നിർമ്മാണ സ്ഥാപനങ്ങളിൽ ഉടൻ ജോലി ലഭിക്കുവാനും ഇടയുണ്ട്.

താഴെപ്പറയുന്ന പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ കോഴ്സ് നടത്തുന്നു.

- Indian Institute of Technology (IIT), Mumbai
- Indian Institute of Technology (IIT), Delhi
- Indian Institute of Technology (IIT), Guwahati and BITS Pilani.

വിവിധ പ്രവേശന പരീക്ഷകൾ ഇതിനായി നടത്തുന്നു.

- GATE (Graduate Aptitude Test in Engineering),IIIT Delhi PG Entrance Exam
- BITS HD (Birla Institute of Technology and Science Higher Degree) Entrance Exam.

ശരാശരി ഒരു ലക്ഷം മുതൽ നാലു ലക്ഷം വരെയാണ് രണ്ടു വർഷത്തെ ഫീസ്.

**വിജയകരമായി ഈ കോഴ്സ് പൂർത്തിയാക്കുന്ന ഒരാൾക്ക് താഴെപ്പറയുന്ന മേഖലകളിൽ ജോലി സാധ്യതകളുണ്ട്.**

- R &D Labs,Biomedical Industries,Biotechnological Plants,Colleges and Universities
- Biopharmaceutical Plants, Pharmaceutical Manufacturing units etc.

**കിട്ടാൻ സാധ്യതയുള്ള മറ്റു തൊഴിലവസരങ്ങൾ**

Pharmaceutical Patent Analyst, Technology Analyst, Business Solution & Technology Manager, Scientific Research Manager, Quality Control Chemist etc...

വാർഷിക ശമ്പളം: നാലു ലക്ഷം മുതൽ 12 ലക്ഷം വരെ, കഴിവിന്റെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ.

ബി.ഫാം. ഡിഗ്രി ഇല്ലാത്തവർക്ക് കൂടി പ്രവേശനം ലഭിക്കുന്ന നല്ല ഒരു ഫാർമസി ബിരുദാനന്തര ബിരുദമാണ് ഫാർമസ്യൂട്ടിക്കൽ ടെക്നോളജിയിലുള്ള M.Tech.

# നീലിഭൃംഗാദി തൈലം – ഒരു വിശകലനം



മുടിയുടെ സംരക്ഷണത്തിനും അകാലനരയ്ക്കും കഷണ്ടിയ്ക്കും മുടികൊഴിച്ചിലിനും ധാരാളം ആയുർവേദ മരുന്നുകൾ ഇന്ന് വിപണിയിലുണ്ട്. പരസ്യം മൂലം ജനങ്ങളിൽ എത്തിച്ചു വിപണി നേടിയ പലമരുന്നുകളും ഒന്നുകിൽ പാരമ്പര്യമായി ഉപയോഗിക്കുന്ന നീലിഭൃംഗാദി തൈലത്തിന്റെ ചെറിയ മാറ്റങ്ങളുള്ളതോ അതുമായി സാമ്യമുള്ളതോ ആണ്. തലമുടിയുടെ വളർച്ച യ്ക്കും പരിപാലനത്തിനുമായി ധാരാളം ആയുർവേദ മരുന്നുകളുണ്ടെങ്കിലും അവയൊന്നും ഗുണമേന്മയിലും വില ക്കുറവിലും നീലിഭൃംഗാദി തൈലത്തിന്റെ അടുത്തൊന്നും എത്തുകയില്ല.

ആയുർവേദാധികാരിക ഗ്രന്ഥമായ സഹസ്രയോഗ ത്തിൽ വിശദമായി പ്രതിപാദിക്കുന്ന ഈ കേരളത്തിന്റെ സ്വന്തം ആയുർവേദ തൈലം ഇന്ന് ലോക വിപണിയിലും എത്തിച്ചേർന്നിരിക്കുന്നു. ഉപയോഗിക്കുന്ന എണ്ണയുടെ അടിസ്ഥാനത്തിൽ നീലിഭൃംഗാദി കേരം, എണ്ണ എന്നിങ്ങനെ രണ്ടു വിഭാഗമായി തിരിച്ചിരിക്കുന്നു. പച്ച മരുന്നുകൾക്ക് പുറമെ പശുവിൻ പാൽ, ആട്ടിൻപാൽ, എരുമപ്പാൽ എന്നിവ യും തേങ്ങാപ്പാലും ഇതിൽ ചേരുന്നു. തലമുടിയിൽ ഉണ്ടാകുന്ന എല്ലാ ആരോഗ്യപ്രശ്നങ്ങൾക്കും ഇത് പരി ഹാരമാകുന്നു. ഇതിലെ പ്രധാന ചേരുവകൾ താഴെ വിവരിക്കുന്നു

| | |
|---|---|
| നീലഅമരി നീര് | 1200 മില്ലി |
| കയ്യോന്നി നീര് | 1200 മില്ലി |
| നെല്ലിക്ക നീര് | 1200 മില്ലി |
| തേങ്ങാപ്പാൽ | 1200 മില്ലി |
| പശുവിൻപാൽ | 1200 മില്ലി |
| എരുമപ്പാൽ | 1200 മില്ലി |
| ആട്ടിൻപാൽ | 1200 മില്ലി |
| വെളിച്ചെണ്ണ/നല്ലെണ്ണ | 1200 മില്ലി |
| കൽക്കത്തിന് ഇരട്ടിമധുരം | 50 ഗ്രാം |
| മഞ്ചട്ടി | 50 ഗ്രാം |
| മരമഞ്ഞൾ | 50 ഗ്രാം |

### നിർമ്മാണ രീതി

ഔഷധനീരുകളും മൂന്നു തരം പാലും എണ്ണയും ചേർത്ത് അടുപ്പത്തു വച്ച് തിളപ്പിക്കുക. കൽക്കമായി ഉപ യോഗിക്കുന്ന മരുന്നുകൾ പാലുമായോ വെള്ളവുമായോ ചേർത്ത് കുഴമ്പു പരുവത്തിലാക്കി അടുപ്പത്തുള്ള ഔഷധ ക്കൂട്ടിൽ ചേർത്ത് നന്നായിളക്കുക. എണ്ണയിൽ മരുന്നുകൾ ഇറങ്ങുന്ന രീതിയിൽ എത്തിക്കുക. വെള്ളം അടങ്ങിയ അംശം പൂർണമായി തീരുമ്പോൾ അടുപ്പത്തുനിന്നും വാങ്ങി 48 മണിക്കൂർ നേരത്തേയ്ക്ക് തണുപ്പിക്കാൻ വയ്ക്കുക. തുടർന്ന് നന്നായി അരിച്ചു ഖരവസ്തുക്കൾ നീക്കം ചെയ്തു ഉണങ്ങിയ കുപ്പികളിൽ നിറച്ചു വായു കടക്കാതെ സൂക്ഷിച്ചു വച്ച് ആവശ്യാനുസരണം തലയിൽ തേച്ചു കുളിക്കുക. ഇപ്രകാരം ഉണ്ടാക്കുന്ന എണ്ണ തലയിലെ താരൻ, ചൊറിച്ചിൽ, ബാക്റ്റീരിയൽ, ഫംഗൽ രോഗങ്ങൾ, തലയിലുള്ള നീരു വീഴ്ച തുടങ്ങിയവയ്ക്കും പരിഹാരമാകുന്നു. അകാലനരയ് ക്കും, മുടികൊഴിച്ചിൽ തടയാനും, മുടിവളർച്ചയ്ക്കും ഇത് ഗുണപ്രദമാണ്. മുടിയുടെ പ്രശ്നങ്ങൾക്ക് പ്രധാന കാരണമായ മാനസിക സമ്മർദ്ദങ്ങളും പ്രശ്നങ്ങളെ നേരിടാനുള്ള വിഷമതകളും ഇതിൽ അടങ്ങിയി രിക്കുന്ന നെല്ലിക്ക, നീലയമരി, കയ്യോന്നി തുടങ്ങിയവ പരിഹരിക്കും. ഇതിൽ ഉപയോഗിക്കുന്ന വിവിധ തരം പാലുകളും തലയെ തണുപ്പിച്ചു മനസ്സ് ശാന്തമാക്കി സമ്മർദ്ദങ്ങളെ നേരിടാൻ ഒരാളെ പ്രാപ്തനാക്കുന്നു.

ശരിയായ രീതിയിൽ നിർമ്മിച്ച് ജലാംശം നീക്കി എണ്ണയാക്കിയ നീലിഭൃംഗാദി രണ്ടു വർഷം വരെ കേടുകൂടാതിരിക്കും. പൊട്ടിച്ച ശേഷം പരമാവധി ഒരു മാസത്തിനകം ഉപയോഗിക്കുകയാണുത്തമം. 100 മില്ലി, 200 മില്ലി കുപ്പികളിൽ വിപണിയിൽ ലഭ്യമായ ഈ ശിരോപരിപാലന എണ്ണ കുറഞ്ഞ വിലയിൽ കൂടുതൽ ഗുണപ്രദമായി പ്രവർത്തിക്കുന്ന ആയുർവേദത്തിന്റെ വരദാനമാണ്.

– ഫാർമഫസ്റ്റ് ഗവേഷണ വിഭാഗം

അശ്വിൻ. പി

# ALBENDAZOLE



Albendazole,is a popular broad spectrum antihelminthic drug belonging to Benzimidazole group and is used for treating parasitic worm infestations. It is useful for giardiasis, trichuriasis, filariasis, neurocysticercosis, hydatid disease, pinworm disease, and ascariasis. Albendazole was developed in 1975. It is a prescription drug.

### Common side effects of albendazole include:

- abdominal pain,abnormal liver function test,acute liver failure
- acute kidney failure,severe low white blood cell count,dizziness
- easy bruising or bleeding,fever with chills, body aches, or flu-like symptoms
- fever, sore throat, headache with severe blistering, peeling and red skin rash
- low white blood cell count, hair loss, headache, hepatitis
- increased intracranial pressure,meningeal signs, nausea
- reduction of red blood cells, white blood cells, and platelets
- rash,spinning sensation (vertigo),low blood platelet count
- unusual weakness,hives,vomiting etc.

Complete Blood Count and Liver function Tests to be conducted for monitoring the side effects.

The drug is not safe for pregnant women also. Consult the Physician before giving to lactating mothers.

Oral absorption of albendazole varies among species, with 1–5% of the drug being successfully absorbed in humans, 20–30% in rats, and 50% in cattle. The absorption also affected by gastric pH. People have varying gastric pHs on empty stomachs, and thus absorption from one person to another can vary wildly when taken without food. Generally, its absorption from the GI tract is poor due to low solubility in water. It is available as 200mg ,400mg Tablets and as suspensions ( containing 200mg in 5 ml with a 10ml pack).

This medication is taken orally with meals, usually 1 to 2 times daily. Can be crushed or chewed and can be taken with water also. The dosage is based on weight, medical condition, and response to treatment. Avoid eating grapefruit or drinking grapefruit juice while using this drug since grapefruit can increase the side effects with this medicine.It may also interacts with Phenytoin, Dexamethasone, Theophylline etc.

Popular brands available in the market are Bendex, Zentel, ABZ, wormin A, Noworm etc. It is available as a combination with Ivermectin 12 mg also.



## മരുന്നുകളുടെ വിൽപ്പനക്കാർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ



ഡോ. സ്വാതി പ്രദീപ്
PHARMACIST, EMERALD CHEMIST, NSW, AUSTRALIA

# ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനത്തിന്റെ ആവശ്യകത.

ഒരു മരുന്നുകട ആകർഷകമായി നിലനിർത്തുകയും അതോടൊപ്പം നിയമപരമായ ഉത്തരവാദിത്തങ്ങൾ പാലിച്ചു മെച്ചപ്പെട്ട സേവനങ്ങൾ നൽകുകയും ചെയ്താൽ ആ സ്ഥാപനത്തിന്റെ പേര് എന്നെന്നും ജനങ്ങളുടെ മനസ്സിൽ നിലനിൽക്കും. ഈ ഉത്തരവാദിത്തങ്ങൾ നന്നായി നിർവഹിക്കുന്നതിൽ ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിനു കടയുടമയ്ക്കു തുല്യമായ അധികാരങ്ങളുണ്ട്. നിയമങ്ങൾ ശരിയായി അനുസരിക്കുന്നതിനും കടയിലെ സൗകര്യങ്ങൾ കസ്റ്റമർ സൗഹൃദപരമായി മാറ്റുന്നതിലും വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ സമയാസമയം കടയുടമയെ അറിയിക്കുവാൻ ഫാർമസിസ്റ്റ് ശ്രമിക്കണം. അതിനായി ഒരു ഒഫീഷ്യൽ ബുക്ക് കടയിൽ സൂക്ഷിച്ചാൽ നന്നായിരിക്കും.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധന നടത്തി കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനു മുൻപ് തന്നെ സത്യസന്ധമായ ഒരു ഇന്റേണൽ ഓഡിറ്റിംഗ് കടയിൽ നടത്തി, കുറവുകൾ പരിഹരിക്കുകയാണ് നല്ലത്. അതിനു തിരക്കില്ലാത്ത ദിവസം കണ്ടെത്തി ഈ മേഖലയിൽ വിദഗ്ദ്ധരായ പുറത്തുനിന്നുള്ള ഫാർമസിസ്റ്റുകളുടെ കൂടി സഹായത്തോടെ ഓഡിറ്റിംഗ് നടത്തണം. അതു വഴി കടയിൽ ആവശ്യമായ സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും ചിട്ടയോടെ മരുന്നുകൾ അടുക്കി വച്ച് ജോലിഭാരവും തെറ്റായ മരുന്ന് വിതരണവും കുറയ്ക്കുവാനും സാധിക്കും. ഡോക്ടർമാർ കൂടുതലെഴുതുന്ന പ്രധാനപ്പെട്ട മരുന്നുകൾ വില്പനയ്ക്കനുസരിച്ചു കുറഞ്ഞ വിലയിൽ വിവിധ സ്കീമുകളിൽ സംഭരിക്കുവാനും കട ലാഭകരമാക്കുന്നതിനും ഇത് വഴി സാധിക്കുന്നു. ജീവനക്കാർക്ക് അവരുടെ ജോലിഭാരത്തിനനുസരിച്ചു വേതനം നൽകുവാനും ആവശ്യമായ പരിശീലനം നൽകി വിൽപ്പന മെച്ചപ്പെടുത്തുവാനും ഇത്തരം ഓഡിറ്റിങ്ങുകൾ സഹായകരമാണ്.

ഇന്റേണൽ ഓഡിറ്റിംഗ് വഴി കണ്ടെത്തുന്ന ന്യൂനതകൾ ആരെയെങ്കിലും കുറ്റപ്പെടുത്തി സ്വഭാവഹത്യ ചെയ്യുവാനായി ഉപയോഗിക്കരുത്.

എന്ത് കൊണ്ടാണ് ആ ന്യൂനത ഉണ്ടായതെന്ന് മനസ്സിലാക്കി അതിനുള്ള പ്രായോഗിക പരിഹാരങ്ങൾ കടയുടെ മുമ്പോട്ടുള്ള പോക്കിന് സഹായകരമായ രീതിയിൽ പരിഹരിക്കണം. അത് വ്യക്തികളുടെ പെരുമാറ്റം വഴിയാണെങ്കിലും, അവരുടെ അറിഞ്ഞു കൊണ്ടുള്ള വീഴ്ചയാണെങ്കിലും വിശദീകരണം തേടി പരിഹാരനിർദ്ദേശങ്ങൾ വേണ്ട സമയത്തു നൽകണം. തുടർന്ന് ഇത്തരം തെറ്റുകൾ ആവർത്തിച്ചാൽ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ മടിയ്ക്കേണ്ടതില്ല. നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ചു കൊണ്ട് നീതിയുക്തമായ നടപടികളാണ് എടുക്കേണ്ടത്. വ്യക്തി വൈരാഗ്യം തീർക്കുവാൻ ഇത്തരം ഓഡിറ്റിംഗ് മറയാക്കരുത്.

ഇന്റേണൽ ഓഡിറ്റിംഗ് വിവിധ വിഭാഗമായി തിരിച്ചു ശരിയായ മാനേജ്മെന്റ് തത്വങ്ങൾ അതിൽ പ്രയോഗിക്കണം. MEN, MATERIAL/ MEDICINE MOVEMENT, MONEY HANDLING, METHODS IN SALES, MARKETING STRATEGIES etc. തുടങ്ങി ആ സ്ഥാപനത്തിന്റെ വിജയത്തിന് അവശ്യം വേണ്ട എല്ലാ ഘടകങ്ങളും ഓഡിറ്റിംഗിന് വിധേയമാക്കണം. തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിലെല്ലാം ചെയ്യേണ്ട കാര്യങ്ങൾ/മാറ്റങ്ങൾ സമയബന്ധിതമായി തീർപ്പാക്കണം. അത് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാനും, ജീവനക്കാർക്കും ഉടമയ്ക്കും ആത്മവിശ്വാസം വർദ്ധിപ്പിച്ചു സ്ഥാപനത്തിന് വൻവിജയം ഉറപ്പു വരുത്തുവാനും ഇടയാക്കും. കുറഞ്ഞ ചിലവിൽ ഒന്നോ രണ്ടോ ദിവസത്തെ ശ്രമം കൊണ്ട് സമാധാനമുള്ള കച്ചവടം നിയമാനുസൃതം ചെയ്യുവാൻ വ്യാപാരികൾക്ക് ഇത് പ്രേരകമാവുമെന്നു തീർച്ച.

# Know the Laws of Drugs

PART-7

## -THE DRUGS AND COSMETICS ACT, 1940 - SALIENT FEATURES

Adv. BIPIN. J.

The role of Drugs Inspectors in the enforcement of various enactments connected with drugs is described in detail in the Drugs And Cosmetics Act for information useful for the officers and the stakeholders.

### 21. Inspectors

**1.** The Central /State Government may, by notification in the Official Gazette, appoint such persons as it thinks fit, having the prescribed qualifications, to be Inspectors for such areas as may be assigned to them by the Central Government or State Government, as the case may be.

**2.** The powers which may be exercised by an Inspector and the duties which may be performed by him, the drugs or classes of drugs or cosmetics or classes of cosmetics in relation to which and the conditions, limitations or restrictions subject to which, such powers and duties may be exercised or performed shall be such as may be prescribed.

**3.** No person who has any financial interest in the import, manufacture or sale of drugs or cosmetics shall be appointed to be an Inspector under this section.

**4.** Every Inspector shall be deemed to be public servant within the meaning of section 21 of the Indian Penal Code (45 of 1860), and shall be officially subordinate to such authority having the prescribed qualifications,as the Government appointing him may specify in this behalf.

### 22. Powers of Inspectors

**(1)** Subject to the provisions of section 23 and of any rules made by the Central Government in this behalf, an Inspector may, within the local limits of the area for which he is appointed

(a) inspect

(i) any premises wherein any drug or cosmetic is being manufactured and the means employed for standardising and testing the drug or cosmetic;

(ii) any premises wherein any drug or cosmetic is being sold, or stocked or exhibited or offered for sale, or distributed;

(b) take samples of any drug or cosmetics

(i) which is being manufactured or being sold or is stocked or exhibited or offered for sale, or isbeing distributed;

(ii) from any person who is in the course of conveying, delivering or preparing to deliver such drug or cosmetic to a purchaser or a consignee;

(c) at all reasonable times, with such assistance, if any, as he considers necessary,

(i) search any person, who, he has reason to believe, has secreted about his person, any drug or cosmetic in respect of which an offence under this Chapter has been, or is being, committed; or

(ii) enter and search any place in which he has reason to believe that an offence under this Chapter has been, or is being, committed; or

(iii) stop and search any vehicle, vessel or other conveyance which, he has reason to believe, is being used for carrying any drug or cosmetic in respect of which an offence under this Chapter has been, or is being, committed, and order in writing the person in possession of the drug or cosmetic in respect of which the offence has been, or is being, committed, not to dispose of any stock of such drug or cosmetic for a specified period not exceeding twenty days, or, unless the alleged offence is such that the defect may be removed by the possessor of the drug or cosmetic, seize the stock of such drug or cosmetic and any substance or article by means of which the offence has been, or is being, committed or which may be employed for the commission of such offence;

[(cc) examine any record, register, document or any other material object found [with any person, or in any place, vehicle, vessel or other conveyance referred to in clause (c)], and seize the same if he has reason to believe that it may furnish evidence of the commission of an offence punishable under this Act or the rules made thereunder;]

[(cca) require any person to produce any record, register, or other document relating to the manufacture for sale or for distribution, stocking, exhibition for sale, offer for sale or distribution of any drug or cosmetic in respect of which he has reason to believe that an offence under this Chapter has been, or is being, committed;]

(d) exercise such other powers as may be necessary for carrying out the purposes of this Chapter or any rules made there under.

# ബാല്യം




**ജീനിയസ് എസ്. പ്രഭ**
അയർലൻഡ്




തൊടിയിലും മലയിലും മഴയിലും
വയലിലും ഓടിക്കളിച്ചൊരാ  ബാല്യകാലം
കുയിലോട് കൂകി കൂകിപറന്നോരെൻ ബാല്യം
ആയിരം പൂക്കളം തീർത്തൊരെൻ ബാല്യം.

അരുമയായ് അമ്മതൻ
മടിയിൽ മയങ്ങിയ ബാല്യം.
അമ്മയിൽ നിന്നൂറി അമ്മയെ ചുറ്റി
പുഴയായ് ഒഴുകിയെൻ ബാല്യം.

മലരണിക്കാട്ടിലെ മഴവില്ലെപ്പോലെ
സുഖമുള്ളരോർമയെൻ ബാല്യം
കുളിരുള്ളൊരോർമ്മയെൻ ബാല്യം
പൂവിതൾപോലത് മൃദുലം.

നേരിന്റെ തേരിലീ  കുരുക്ഷേത്ര ഭൂമിയിൽ
ആ ഓർമ്മകളാണെന്റെ  മന്ത്രം.
നന്മയും നീ തന്നെ ഭാഗ്യവും നീ തന്നെ
നഷ്ട സൗഭാഗ്യവും നീ തന്നെ ബാല്യമേ.





# ആയുർവേദ നുറുങ്ങുകൾ

**സമ്പാദകൻ : ശ്രീ. കെ.ഐ. ദിനേശ്ബാബു, പ്യാരി.**



## 1. മുടിയ്ക്കു കരുത്തേകാൻ

• എണ്ണകാച്ചാൻ അവശ്യംവേണ്ട ചേരുവകൾ

| | | |
|---|---|---|
| മൈലാഞ്ചി | - | ഒരുപിടി |
| ചുവന്ന ചെമ്പരത്തി | - | 10 എണ്ണം |
| കറിവേപ്പില | - | ഒരു പിടി |
| കുട്ടിതക്കാളി ഇല | - | ഒരു പിടി |
| തേങ്ങ | - | ഒരെണ്ണം |

തേങ്ങ ചിരകി പാൽ എടുക്കുക. ബാക്കി ചേരുവകൾ അരച്ച് അതിന്റെ ചാർ പിഴിഞ്ഞെടുക്കുക. തേങ്ങാപ്പാൽ ചൂടാക്കുക, എണ്ണ തെളിഞ്ഞുവരുമ്പോൾ അതിൽ എടുത്തു വച്ചിരിക്കുന്ന ചാറ് ഒഴിക്കുക. പതഞ്ഞ് കുമിളകൾ വരുമ്പോൾ അടുപ്പിൽ നിന്നും ഇറക്കിവച്ച് തണുക്കാൻവയ്ക്കുക, തണുത്ത ശേഷം കുപ്പിയിൽ നിറച്ചുവയ്ക്കുക. ദിവസവും തലയിൽ പുരട്ടിയാൽ ചൂടുകുരു, താരൻ, നര, എന്നിവ മാറി മുടിയ്ക്ക് കരുത്തും തിളക്കവും ലഭിക്കും.

• ഉലുവ നന്നായി കുതിർത്തരച്ച് ശിരോചർമ്മത്തിൽ തേച്ചുപിടിപ്പിച്ച് അൽപനേരം വിശ്രമിക്കുക. ഇനിയത് തണുത്ത വെള്ളത്തിൽ കഴുകുക. താരൻ മാറാൻ ഇത് സഹായിക്കും. മുടികൊഴിച്ചിലും മാറും.

• രണ്ടു സ്പൂൺ വെള്ളം രണ്ടു മുട്ടയുടെ മഞ്ഞക്കരുവുമായി യോജിപ്പിക്കുക. ഈ മിശ്രിതം തലയിൽ തേച്ചുപിടിപ്പിക്കുക. അതിനുശേഷം ചെറുചൂടുവെള്ളം ഉപയോഗിച്ച് തല നന്നായി കഴുകുക. താരൻ നശിപ്പിക്കാൻ ഇത് ഉപകരിക്കുന്നു.

• വിളർച്ചയുണ്ടാവാതിരിക്കാൻ ഇരുമ്പിന്റെ അംശം അട ങ്ങിയ പാവയ്ക്ക, നെല്ലിക്ക തുടങ്ങിയവ ഭക്ഷണ പട്ടികയിൽ ചേർക്കുക. ഇരുമ്പിന്റെ അഭാവത്താൽ മുടികൊഴിയും, ആകർഷ ണീയതയും നഷ്ടപ്പെടും. മുടി നനവോടെ കെട്ടിവയ്ക്കുന്നത് മുടിയുടെ ആരോഗ്യം നഷ്ടപ്പെടുത്തും, കുളികഴിഞ്ഞാൽ നന്നായി ഉണക്കിയ ശേഷം മാത്രം കെട്ടിവയ്ക്കുക.

# കേരളത്തിലെ അറിയപ്പെടുന്ന ആതുരാലയങ്ങൾ

# സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കണ്ണൂർ, പരിയാരം

ഡോ. വി. വി. ചന്ദ്രൻ




1993 ൽ സഹകരണ മേഖലയിൽ ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാണ് പരിയാരം മെഡിക്കൽ കോളേജ്. സംസ്ഥാന സർക്കാർ ഇതിന്റെ പ്രവർത്തനം 2019 മുതൽ ഏറ്റെടുത്തു സർക്കാർ മെഡിക്കൽ കോളേജ് ആക്കി. പരിയാരം T.B. സാനറ്റോറിയം എന്ന പേരിൽ 1938 മുതൽ പ്രവർത്തിച്ചു വന്നിരുന്ന ആശുപത്രിയാണ് പിന്നീട് മെഡിക്കൽ കോളേജ് ആശുപത്രിയായി മാറിയത്.

The Kerala State Co-operative Hospital Complex (KCHC), Centre for Advanced Medical Services Ltd എന്നീ സ്ഥാപനങ്ങൾ ചേർന്ന് അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് എന്നപേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചു. ഈ ട്രസ്റ്റ് ആണ് 1000 ബെഡ്ഡുകളോട് കൂടിയ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിനായി പ്രവർത്തനം തുടങ്ങിയത്. മുൻ സംസ്ഥാനമന്ത്രി പരേതനായ ശ്രീ.എം.വി.രാഘവൻ ആയിരുന്നു ഇതിന്റെ സ്ഥാപകൻ. മുൻ മുഖ്യമന്ത്രി ശ്രീ.കെ.കരുണാകരൻ ചെയർമാനും ഡോക്ടർ പി.ജി.ആർ.പിള്ള ആദ്യ പ്രിൻസിപ്പലും ആയിരുന്നു.

119 ഏക്കർ പ്രദേശത്തു പരന്നുകിടക്കുന്ന ഈ മെഡിക്കൽ കോളേജ് തളിപ്പറമ്പ് ടൗണിൽ നിന്നും ഒൻപതു കിലോമീറ്റർ ദൂരെ ദേശീയപാത 17 ന്റെ അടുത്തായാണ് സ്ഥിതി ചെയ്യുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ഇല്ലാത്ത പിന്നോക്ക പ്രദേശമായ ഈ കുടിയേറ്റ മേഖലയ്ക്ക് ഏറെ ആശ്വാസകരമാണ് ഈ സ്ഥാപനം. ഏറ്റവും അടുത്ത മെഡിക്കൽ കോളേജ് ആശുപത്രി 125 കിലോമീറ്റർ അകലെ മംഗലാപുരത്തായിരുന്നു തുടക്കകാലത്തുണ്ടായിരുന്നത്.

കോളേജിലെ ഒന്നാമത്തെ ബാച്ച് 100 കുട്ടികളുമായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ 1995 മുതൽ ആരംഭിച്ചു. ഇപ്പോൾ 36 പേരെ പി.ജി കോഴ്സുകളിൽ പ്രവേശനം നൽകുന്നുണ്ട്. ഇതുകൂടാതെ ഈ ക്യാമ്പസ്സിൽ എൽ.കെ.ജി മുതൽ പഠന സൗകര്യമുണ്ട്. ഫാർമസി കോളേജ്, ഡെന്റൽ കോളേജ്, നഴ്സിംഗ് കോളേജ് എന്നിവയും ഈ സ്ഥാപനത്തിന് കീഴിൽ പ്രവർത്തിക്കുന്നു. ഈ മെഡിക്കൽ കോളേജിൽ നിലവിൽ 1200 ബെഡ്ഡുകളുള്ള ആശുപത്രിയും 20 സ്പെഷ്യാലിറ്റി വകുപ്പുകളും എട്ടു സൂപ്പർ സ്പെഷ്യലിറ്റി വകുപ്പുകളും ഉണ്ട്. 18 ഓപ്പറേഷൻ തീയേറ്ററുകൾ പൂർണ്ണ സജ്ജമായി പ്രവർത്തിക്കുന്നു. അതിനുള്ള വിദഗ്ധ ഡോക്ടർമാരും മറ്റു സാങ്കേതിക വിദഗ്ധരും ഇവിടെയുണ്ട്.

സഹകരണ ഹൃദയാലയ എന്ന പേരിലുള്ള ഹൃദയരോഗ ചികിത്സാവിഭാഗം ഹൃദയ ശസ്ത്രക്രിയകൾ കുറഞ്ഞ ചിലവിൽ അന്താരാഷ്ട്ര നിലവാരത്തിൽ ചെയ്തു കൊടുക്കുന്നു. നാലു ഓപ്പറേഷൻ തീയേറ്ററുകളും, 20 ബെഡ്ഡുള്ള **ICCU**വും 14 ബെഡുള്ള **ITU**വും ഇവിടെയുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ open heart surgery ചെയ്യുന്ന മെഡിക്കൽ കോളേജാണിത്. രണ്ടു പൂർണ്ണ സജ്ജമായ CATH ലാബുകളും ഇവിടെ നിലവിലുണ്ട്.

വടക്കൻ കേരളത്തിലെ പ്രധാന റെഫെറൽ ആശുപത്രിയായി പരിയാരം ഗവൺമെന്റ് ആശുപത്രി മാറിക്കഴിഞ്ഞു. ISO 9001-2008 സർട്ടിഫൈഡ് ആയ ACME പരിയാരം ആതുര ശുശ്രൂഷാ മേഖലയിൽ കുറഞ്ഞ കാലം കൊണ്ട് വടക്കേ മലബാറിന്റെ അംഗീകാരം നേടിക്കഴിഞ്ഞു.

Address:


The Principal
Academy of Medical Sciences
Pariyaram(PO), Kannur
Kerala, India PIN-670503
Phone: 0497-2808111
Fax: 0497-2808125



# ചർമ്മ സംരക്ഷണത്തിന്റെ പ്രാധാന്യം

ഡോ. ദിലീപ് ആനന്ദ് M.D.(Ay).

മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ അവയവമാണു ചർമ്മം. ശരീരത്തിലെ മറ്റു അവയവങ്ങളെ പുറമെനിന്നുള്ള ക്ഷതങ്ങളിൽ നിന്നും രോഗാണുക്കളിൽ നിന്നും സംരക്ഷിക്കുന്നത് നമ്മുടെ ചർമ്മമാണ്. ശരീര ഊക്ഷ്മാവ് നിലനിർത്തുവാനും ശാരീരിക ക്ഷമതയും ആരോഗ്യവും നിലനിർത്തി ഒരാളുടെ ആകാര വടിവിനെ നിശ്ചയിക്കുന്നതും അയാളുടെ ചർമ്മമാണ്.

ചർമ്മ സംരക്ഷണം സൗന്ദര്യം സംരക്ഷിക്കാൻ വേണ്ടി മാത്രമല്ല, ശരീരത്തിന്റെ ആരോഗ്യ സംരക്ഷണത്തിനും കൂടിയാണ്.രോഗാണുക്കളുടെ പെട്ടെന്നുള്ള ആക്രമണം, അത് ശരീരത്തിനുള്ളിലായാലും, ആദ്യം സൂചന നൽകുന്നത് ചർമ്മത്തിലാണ്. കറുത്ത പാടുകളായും, മുഖക്കുരുക്കളായും, വെള്ളപ്പാണ്ടുകളായും, വൃണങ്ങളായും, വടുക്കളായും ശരീരത്തിലെ അനാരോഗ്യം ചർമ്മത്തിൽ പ്രത്യക്ഷപ്പെടും. അവയെ തിരിച്ചറിഞ്ഞു, വേണ്ട പ്രാധാന്യം നൽകി രോഗാണുമുക്തമാക്കുവാനും വേണ്ടത്ര സംരക്ഷണം മരുന്നായും, സൗന്ദര്യവർദ്ധകങ്ങളായും നൽകി പരിപാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രകൃതിദത്തമായ വസ്തുക്കൾ ഉപയോഗിച്ചും, പച്ചക്കറികളും, പഴവർഗ്ഗങ്ങളും അടങ്ങിയ ഭക്ഷണം കൂടുതൽ കഴിച്ചും, ശുദ്ധമായ വെള്ളം കൂടുതൽ കുടിച്ചും, വിറ്റാമിനുകൾ, ധാതുലവണങ്ങൾ മുതലായവ വേണ്ട അളവിൽ ഉപയോഗിച്ചും ചർമ്മത്തെ സംരക്ഷിക്കാം.

പ്രകൃതിദത്ത ചർമ്മ സംരക്ഷണത്തിനായി വേണ്ടത് ശരിയായ ഉറക്കവും (ദിവസേന കുറഞ്ഞത് എട്ടു മണിക്കൂറെങ്കിലും), വ്യായാമവും, മൂന്നു ലിറ്ററെങ്കിലും വെള്ളം കുടിയ്ക്കലും ഒക്കെയാണ്. നല്ല ശരീര സംരക്ഷണം ഗർഭസ്ഥ ശിശുവിനും ഗുണപ്രദമാണ്.

**ചർമ്മസംരക്ഷണത്തിനു ചില പ്രകൃതിദത്ത മാർഗ്ഗങ്ങൾ താഴെ സൂചിപ്പിക്കുന്നു.**

- മിനുസവും, സൗന്ദര്യവും ഉള്ള ചർമ്മത്തിനായി പാലിൽ ഒരു ഏത്തപ്പഴം ജ്യൂസ് ആക്കി അടിച്ചു മുഖത്ത് പുരട്ടാവുന്നതാണ്. തുടർന്ന് അര മണിക്കൂറിനു ശേഷം തണുത്തവെള്ളത്തിൽ കഴുകി കളയണം.
- മുട്ടയുടെ വെള്ളക്കരുവും തേനും ചേർത്ത് കഴുത്തിലും, മുഖത്തും പുരട്ടി അര മണിക്കൂറിനു ശേഷം ചെറു ചൂട് വെള്ളത്തിൽ കഴുകി കളയുക.
- ശരീരത്തിന് നിറം ലഭിക്കാൻ തേനും നാരങ്ങാ നീരും മഞ്ഞളും ചേർത്ത് ശരീരമാസകലം പുരട്ടി ഇരുപതു മിനിട്ടിനു ശേഷം കഴുകുക.
- ശിശുക്കളുടെ മൃദുവായ ചർമ്മത്തിന് സുരക്ഷ അത്യന്താപേക്ഷിതമാണ്. രോഗാണുക്കളിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി രോഗാണുനാശിനി എണ്ണകൾ പതിനഞ്ചു മിനിറ്റുനേരം ശരീരത്തിൽ മൃദുവായി തടവുന്നതും മഞ്ഞൾപ്പൊടിയും നാരങ്ങാനീരും തേനും കുഴച്ചു ശരീരത്തിൽ പുരട്ടി 20 മിനിറ്റിനു ശേഷം കുളിപ്പിക്കുന്നതും നല്ലതാണ്.
- ഗർഭിണികൾ കുങ്കുമപ്പൂവ് ചേർത്ത ചെറു ചൂടുള്ള പാൽ ദിവസവും കിടക്കാൻ നേരം കുടിക്കുന്നത് കുഞ്ഞുങ്ങൾക്ക് നല്ല നിറം പ്രദാനം ചെയ്യും.
- കുട്ടികളുടെ ദേഹസംരക്ഷണത്തിനായി ആയുർവേദ മരുന്നുകളടങ്ങിയ എണ്ണകളും, ക്രീമുകളും, രാസവസ്തുക്കൾ കലരാത്ത സോപ്പും വിപണിയിലുണ്ട്. അവ ഉപയോഗിക്കുമ്പോൾ കുട്ടിയുടെ ശരീരത്തിലെ ജലാംശവും എണ്ണമയവും നഷ്ടപ്പെടാതെ നോക്കണം. മരുന്നുകൾ ചേർത്ത പൗഡറുകൾ ദേഹത്ത് ഉപയോഗക്കാതിരിക്കുന്നതാണ് ഉത്തമം. അതിലടങ്ങിയ മരുന്നുകൾ കുട്ടികളുടെ വയറ്റിലെത്തിയാൽ മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും.

പുതിയ കാലഘട്ടത്തിലെ
വെല്ലുവിളികൾ -ഭാഗം 3






# HIV/എയ്ഡ്സ്

ഡോ. നീനു അഖിൽ എം.ഡി.

ജീവിതശൈലീ രോഗങ്ങൾ മൂലമുണ്ടാകുന്ന നാടിന്റെ അപചയങ്ങൾക്ക് HIV/AIDS രോഗാണുക്കൾ കാരണമാകുന്നു. മിക്ക ജീവിതശൈലീ രോഗങ്ങളും പരിഹാരം കണ്ടെത്തി ശാസ്ത്രത്തിന്റെ കൈപ്പിടിയിൽ അമർന്നിരിക്കുമ്പോൾ ഇന്നും അജ്ഞാതമായി തുടരുന്ന രോഗമാണ് AIDS വഴിയുണ്ടാകുന്ന രോഗങ്ങൾ.

**H**uman **I**mmunodeficiency **V**irus (HIV) ശരീരത്തിലെ രോഗപ്രതിരോധശക്തി കൂട്ടുന്ന CD4 cells നെ ആക്രമിച്ചു കീഴടക്കുന്നു. ഇത്തരം വൈറസ് വെളുത്ത രക്താണുക്കളുടെ വിഭാഗത്തിൽപ്പെട്ട T cells നെ ഉന്നം വെച്ച് നീങ്ങി അവയുടെ നീക്കം തടസ്സപ്പെടുത്തി രോഗങ്ങളെ ചെറുത്തു തോൽപ്പിക്കാനുള്ള ശരീരത്തിന്റെ ശ്രമങ്ങൾക്കു വിലങ്ങിടുന്നു. ഇത് കാൻസർ ഉൾപ്പെടെ വിവിധ മാരകരോഗങ്ങൾക്കു കാരണമാകുന്നു. ശരീരത്തിലെ വിവിധ സ്രവങ്ങൾ വഴിയാണ് HIV രോഗാണുക്കൾ മറ്റൊരാളിലേക്ക് പടരുന്നത്. ഉദാഹരണം-blood, semen, vaginal secretions, anal fluids, breast milk തുടങ്ങിയവ. ഇത് കൂടാതെ സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധം വഴിയും, HIV രോഗി ഉപയോഗിച്ച ഇൻജെക്ഷൻ സിറിഞ്ചുപയോഗിച്ചു മയക്കു മരുന്നുകളും, ഹോർമോണുകളും, സ്റ്റീറോയിഡുകളും കുത്തിവയ്ക്കുന്നതു വഴിയും, രക്തം ശരിയായ പരിശോധന നടത്താതെ ദാനം ചെയ്യുമ്പോഴും ഈ രോഗം പെട്ടെന്ന് മറ്റൊരാളിലേക്ക് പടരുന്നു.

HIV അണുബാധ ഉണ്ടായാലുടനെ ചികിത്സ തേടണം. ARV തെറാപ്പി വഴി ശരീരത്തിലെ പ്രതിരോധ ശക്തി കൂട്ടി എയ്ഡ്സ് രോഗത്തെ ചെറുക്കാം. ചികിത്സിക്കാതിരുന്നാൽ ഒരു രോഗിക്ക് പരമാവധി മൂന്നു വർഷം വരെയേ ആയുസ്സുണ്ടാകൂ. മദ്യവും മയക്കു മരുന്നും അനിയന്ത്രിതമായി ഉപയോഗിക്കുന്ന പുതുതലമുറയാണ് ഇന്ന് ഈ രോഗത്തിന്റെ വാഹകരായി മാറിയിട്ടു ... ള്ളത്. പരസ്പരം മരുന്ന് ... കുത്തിവയ്ക്കുകയും സുരക്ഷിതമല്ലാ ... ത്ത ലൈംഗിക ബന്ധം പുലർത്തുകയും ചെയ്താൽ വളരെപ്പെട്ടെന്നുതന്നെ രോഗബാധയുണ്ടാകും. ലൈംഗിക തൊഴിലാളികൾക്കിടയിൽ ഈ രോഗത്തെയും അതിന്റെ ലക്ഷണങ്ങളെയും സുരക്ഷിത മാർഗ്ഗങ്ങളെയും, ചികിത്സാ രീതികളെയും കുറിച്ചും വ്യാപകമായ പ്രചാരണങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്.

HIV, നമ്മുടെ ശരീരത്തിലെ CD4 കോശങ്ങളെ നശിപ്പിക്കുന്നു. ആരോഗ്യമുള്ള ഒരാൾക്ക് 500 മുതൽ 1,500 വരെ CD 4 കോശങ്ങൾ ഓരോ cubic millimeter അളവിലുണ്ട്. HIV ബാധിതന് CD4 count 200 per cubic millimeter ആയി താഴ്ന്നു AIDS രോഗം സ്ഥിരീകരിക്കുന്നു.

AIDS രോഗിയെ കാത്തിരിക്കുന്ന വിവിധ രോഗങ്ങൾ താഴെപ്പറയുന്നവയാണ്.

- Pneumonia
- Tuberculosis
- Oral thrush, a fungal infection in the mouth or throat
- Cytomegalovirus (CMV), a type of herpes virus
- Cryptococcal meningitis, a fungal infection in the brain
- Toxoplasmosis, a brain infection caused by a parasite
- Cryptosporidiosis, an infection caused by an intestinal parasite
- Cancer, including Kaposi's sarcoma (KS) and lymphoma.

**HIV, യ്ക്ക് ഇതുവരെ 100 ശതമാനം ഫലപ്രദമായ ചികിത്സ കണ്ടുപിടിച്ചിട്ടില്ല. ARV ചികിത്സ വഴി CD4 count വർദ്ധിപ്പിച്ചു രോഗങ്ങളെ പ്രതിരോധിക്കാം.**



# തിമിരം

## സൂക്ഷിക്കേണ്ട കണ്ണ് രോഗം

**ഡോ. ബീന എസ്.**

ഇന്നത്തെ കാലത്തു തിമിരശസ്ത്രക്രിയ ചെയ്യാത്ത മുതിർന്ന പൗരന്മാർ ചുരുക്കമാണ്. ചെറിയ പ്രായത്തിൽ ത്തന്നെ കണ്ണടവച്ചുതുടങ്ങുന്ന കുട്ടികൾ വർദ്ധിക്കുന്നത് പോലെ തിമിരവും പ്രായഭേദമെന്യേ കൂടിക്കൊണ്ടിരിക്കുക യാണ്. നിങ്ങൾക്ക് കാഴ്ചയ്ക്ക് മങ്ങൽ ഉണ്ടാകുമ്പോൾ, വർണ്ണങ്ങൾ തിരിച്ചറിയാൻ പറ്റാതെ വരുമ്പോൾ, വെളിച്ച ത്തിനു ചുറ്റും ഒരു ആവരണം കാണുമ്പോൾ, രോഗബാധിത മായ കണ്ണിൽ രണ്ടായി വസ്തുക്കൾ കാണുമ്പോൾ, രാത്രിയിൽ കാഴ്ചയ്ക്കു ബുദ്ധിമുട്ടുണ്ടാകുമ്പോൾ ഇനി കാത്തിരിക്കേണ്ട, കണ്ണ് പരിശോധന നടത്തി ഉടനെ തിമിര രോഗം കണ്ടെത്തുക. ഈ രോഗത്തിനുള്ള കാരണങ്ങൾ ഡോക്ടറോട് വിശദീകരിക്കുക.

പുകവലി ശീലം, ഏതെങ്കിലും തരത്തിൽ UV കിരണങ്ങൾ ഏൽക്കുന്നുണ്ടെങ്കിൽ, സ്ഥിരമായി സ്റ്റീറോയ്ഡ് കലർന്ന മരുന്നുകൾ കഴിക്കുന്നുണ്ടെങ്കിൽ, പ്രമേഹരോഗം അലട്ടുന്നുണ്ടെങ്കിൽ, പക്ഷാഘാതം വന്നിട്ടുണ്ടെങ്കിൽ, റേഡി യേഷൻ ചികിത്സ ചെയ്തിട്ടുണ്ടെങ്കിൽ എല്ലാം ഡോക്ടറോട് പറയുക. ശരിയായ സമയത്തു രോഗനിർണ്ണയം നടത്തിയാൽ കൂടുതൽ ബുദ്ധിമുട്ടാതെ ചികിത്സ നടത്തി ഈ രോഗത്തിൽ നിന്നും മരുന്ന് വഴിയോ, ശസ്ത്രക്രിയ വഴിയോ മുക്തി നേടാൻ കഴിയും.

നമ്മുടെ കണ്ണിന്റെ ലെൻസിൽ അടിയുന്ന കട്ടി കൂടിയ പടലങ്ങളാണ് തിമിരം. കണ്ണിലുള്ള പ്രോട്ടീനുകൾ കൂടിച്ചേർന്ന് ലെൻസിൽ നിന്നും കൃഷ്ണമണിയിലേയ്ക്ക് കൃത്യമായ ചിത്രങ്ങൾ അയയ്ക്കുന്നതിനെ തടസ്സപ്പെടുത്തു കയാണ് ആദ്യം ചെയ്യുന്നത്. ഇത് കൂടിക്കൂടി വന്ന് നമ്മുടെ കാഴ്ചയ്ക്കു വിഘാതമുണ്ടാക്കുന്നു. ഒരു കണ്ണിൽ നിന്നും അടുത്ത കണ്ണിലേയ്ക്കും ഇത് വ്യാപിക്കുന്നു. കൃഷ്ണ മണിയുടെ പ്രവർത്തനം തടസ്സപ്പെടുത്തി ലെൻസിൽ നിന്നു മുള്ള ചിത്രങ്ങൾ ശരിയായ രീതിയിൽ കണ്ണിൽ പതി ക്കാതെയാക്കുന്നു.

### തിമിരം കടുത്തതാക്കുന്ന ആരോഗ്യ നിലകൾ ഇവയാണ്

പ്രായാധിക്യം, അമിത മദ്യപാനം, പുകവലി, അമിതവണ്ണം, ഉയർന്ന രക്തസമ്മർദ്ദം, പാരമ്പര്യം, തുടർച്ചയായുള്ള വെയിൽ കൊള്ളൽ, പ്രമേഹം, ക്യാൻസർ ചികിത്സയ്ക്കായി റേഡിയേഷൻ തെറാപ്പി ഉപയോഗം, X-റേ കിരണങ്ങൾ കൂടുതലായി കണ്ണിലടിക്കുക തുടങ്ങിയവ.

ഒരു കണ്ണുഡോക്ടർ ഉടൻ തന്നെ ഈ ലക്ഷണങ്ങൾ മനസ്സിലാക്കി രോഗനിർണ്ണയം ചെയ്തു ചികിത്സ നിശ്ചയിക്കും. ഐ ചാർട്ട് ടെസ്റ്റ്, ഐ പ്രഷർ ടെസ്റ്റ്, മരുന്നൊഴിച്ചുള്ള കണ്ണ് പരിശോധന എന്നിവ വഴി രോഗം സ്ഥിരീകരിക്കും. ചില ഡോക്ടർമാർ കണ്ണിൽ ഗ്ലെയർ അടിക്കുമ്പോഴുണ്ടാകുന്ന മാറ്റം, കളർ തിരിച്ചറിയാനുള്ള കഴിവ് തുടങ്ങിയവയും പരിശോധിക്കും.

### തിമിരരോഗ ചികിത്സ

തിമിരം ഒരു ശസ്ത്രക്രിയ വഴിനീക്കം ചെയ്യാൻ ഒരാൾക്ക് താൽപര്യമില്ലെങ്കിൽ കൂടുതൽ ശക്തിയേറിയ കണ്ണടകളോ സൺഗ്ലാസ്സുകളോ ആന്റിഗ്ലെയർ ലെൻസുകളോ ശുപാർശ ചെയ്യും. വായന, ഡ്രൈവിംഗ് തുടങ്ങിയയ്ക്കു പ്രയാസം അനുഭവിക്കുന്നുണ്ടെങ്കിൽ സർജറി നടത്തി തിമിരം നീക്കുകയാണ് നല്ലത്.

അൾട്രാ സൗണ്ട് ഉപയോഗിച്ചുള്ള സർജറി വഴി തിമിരകാരണമായ ശകലങ്ങൾ നീക്കം ചെയ്യാം. ഇത് കൂടാതെ ആർട്ടിഫിഷ്യൽ ലെൻസ് വച്ച് പിടിപ്പിച്ചു തിമിര ബാധിത ലെൻസ് നീക്കം ചെയ്യുവാനും പറ്റും. ഇതെല്ലാം തന്നെ ഒരു ദിവസം കൊണ്ട് തീർക്കാവുന്ന സർജറി ആണ്. ചെലവ് 25000 മുതൽ ലെൻസിന്റെ ഗുണമേന്മയനുസരിച്ചു കൂടും. ഇന്ത്യൻ നിർമ്മിതവും വിദേശനിർമ്മിതവുമായ ലെൻസുകൾ ലഭ്യമാണ്.

### തിമിരത്തിൽ നിന്നും എങ്ങനെ കണ്ണുകൾ സംരക്ഷിക്കാം?

പുകവലി, അമിതവണ്ണം, മദ്യപാനം ഒഴിവാക്കുക. ആന്റി ഓക്സിഡന്റ് അടങ്ങിയ പഴങ്ങളും പച്ചക്കറികളും കൂടുതൽ കഴിക്കുക. ഇടയ്ക്കിടെ കണ്ണ് പരിശോധന നട ത്തുക, ഡയബെറ്റിസ് പോലുള്ള രോഗങ്ങൾ ശരിയായി ചികിത്സിക്കുക. പുറത്തു പോകുമ്പോൾ സൺ ഗ്ലാസ്സുകൾ ധരിക്കുക.

സൂക്ഷിച്ചില്ലെങ്കിൽ അന്ധതയ്ക്കു കാരണമാകുന്നു. തിമിരം ആരംഭത്തിൽത്തന്നെ തിരിച്ചറിഞ്ഞു ജീവിതശൈലി യിലും ആരോഗ്യത്തിലും കൂടുതൽ നല്ല മാറ്റങ്ങൾ ഏർപ്പെ ടുത്തി നമ്മുടെ ആരോഗ്യമുള്ള കണ്ണുകൾവഴി ജീവിത ത്തിലെ സുന്ദരനിമിഷങ്ങൾ ആവോളം ആസ്വദിക്കുക.

## PHARMA FIRST

മാസികയിൽ ആരംഭിക്കുന്ന പുതിയ പംക്തി

# medical memories

നിങ്ങളുടെ ആരോഗ്യ മേഖലയുമായി ബന്ധമുള്ള മറക്കാനാവാത്ത അനുഭവങ്ങൾ സത്യസന്ധമായി പങ്കുവയ്ക്കുക. അത് നിങ്ങളുടെ തുടർന്നുള്ള ജീവിതത്തിൽ എങ്ങനെ സ്വാധീനം ചെലുത്തി എന്നും എഴുതുക.

■■■

പഠനകാലത്തും,
പരിശീലനകാലത്തും
ജോലിയിലുള്ള കാലത്തും
ഉണ്ടായ മറക്കാനാവാത്ത
സംഭവങ്ങളും
ജീവിതത്തിലെ
TURNING POINTS ഉം
വിവരിക്കുക.



തിരഞ്ഞെടുക്കുന്നവയ്ക്കു
**ഒരു വർഷം**
**PHARMA FIRST**
**മാസിക**
**സൗജന്യം**

**അയക്കേണ്ട വിലാസം**

Medical Memories
Editor, Pharma First
Nellimala Road, Muvattupuzha -686661.
WhatsApp No. 9446056081
email :editorial@pharmafirstconsulting.com


# SUREGRO OIL FOR HAIR PROTECTION AND NOURISHMENT FOR A HEALTHY HAIR




A Quality Product From

**The Research Lab Of**
**M/s Essbrains Pharma Private Limited, Cochin.**

For Purchase online,visit
www.pharmafirstonline.com

# മൊബൈൽ ഫോൺ ഉപയോഗം

## കുട്ടികളിൽ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

**മദ്യവും, മയക്കുമരുന്നും പോലെ തന്നെ അമിതമായാൽ മൊബൈലും വിഷം.**

**ദേവിക എസ്.**

നമ്മുടെ ജീവിതത്തിൽ ആഹാരവും, വസ്ത്രവും പാർപ്പിടവും പോലെ തന്നെ അവശ്യ വസ്തുക്കളുടെ ഗണത്തിലാണ് ഇന്ന് മൊബൈൽ ഫോൺ. എന്തെല്ലാം മറന്നാലും മൊബൈൽ ഫോൺ എടുക്കാതെ ബാത്ത്റൂമിൽ പോലും പോകാത്ത അവസ്ഥയിലാണ് ഇന്നത്തെ തലമുറ. ഒരു മിനി കംപ്യൂട്ടറിന് ചെയ്യാൻ കഴിയുന്ന എല്ലാക്കാര്യങ്ങളും ഒരു സ്മാർട്ട് ഫോൺ ഇന്ന് ചെയ്യുന്നു. പഠനവും, കളിയും, കലയും, വാർത്തയും, രാഷ്ട്രീയവും, സിനിമയും, ജ്യോതിഷവും, ഭൂതവും, ഭാവിയും വർത്തമാനവുമെല്ലാം വിരൽ തുമ്പിൽ എത്തി നിൽക്കുമ്പോൾ ആരുമില്ലെങ്കിലും ഒരു മൊബൈൽ ഫോൺ കയ്യിലുണ്ടെങ്കിൽ എന്തും സാധിക്കാമെന്ന നിലയിലാണ് ഇന്നത്തെ കാര്യങ്ങൾ. ഡിജിറ്റൽ ഇന്ത്യ എന്ന സർക്കാരിന്റെ പദ്ധതിയുടെ പ്രധാന ഉദ്ദേശം മൊബൈൽ ഫോൺ വഴി പൂർത്തിയാക്കവാൻ കഴിയുന്നു.

അതിന്റെ ഗുണങ്ങളോടൊപ്പം തന്നെ അതുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ നിരവധിയാണ്. ജനിച്ചു വീഴുന്ന കുട്ടിയെ ഉറക്കി കിടത്താൻ ബെഡ്സൈഡിൽ മൊബൈലിൽ പാട്ടു കേൾപ്പിച്ചുകൊണ്ടു തുടങ്ങുന്ന കുട്ടികളുടെ മൊബൈൽ ബന്ധം സത്യത്തിൽ വൈകാരികമായ കുട്ടിയുടെ ബന്ധങ്ങളെയാണ് ആദ്യം ബാധിക്കുന്നത്. അച്ഛന്റെയും അമ്മയുടെയും സഹോദരങ്ങളുടെയും സാന്നിധ്യം അവർക്കു സുഗമമായ മൊബൈൽഫോൺ ഉപയോഗത്തിന് തടസ്സമാവുന്നു.



തുടക്കത്തിൽ പാട്ടും ചിത്രങ്ങളും ആസ്വദിച്ചു തുടങ്ങി ഇന്റർനെറ്റിൽ ലഭിക്കുന്ന വിവിധ സൗകര്യങ്ങളും കുട്ടികൾക്ക് പ്രിയപ്പെട്ടതാകുന്നു. കാർട്ടൂൺ കാഴ്ചയിൽ നിന്നും കാണാൻ പാടില്ലാത്ത പലതും കുട്ടി ചെറുപ്രായത്തിൽ

കണ്ടും കേട്ടും ക്രമേണ ഒരു അഡിക്ട് ആയി മാറുന്നതായി കാണാം.

കുട്ടികളെ ഉറക്കാൻ മൊബൈൽ ഉപയോഗിച്ച് കുറുക്കുവഴി തേടിയ മാതാപിതാക്കൾ അതൊരു കുരുക്കായി മാറുന്നത് നിസ്സഹായരായി നോക്കി നിൽക്കേണ്ട അവസ്ഥയിലെത്തുന്നു. ഉറങ്ങുമ്പോൾ മാത്രമല്ല, ഭക്ഷണം കൊടുക്കുവാനും, കരച്ചിൽ മാറ്റുവാനും, ഒരിടത്തു അടക്കി ഇരുത്തുവാനും മൊബൈൽ ഉപകരണമാക്കുമ്പോൾ അതുണ്ടാക്കുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ വിസ്മരിക്കുന്നു.

ചെറുപ്പം മുതൽ മൊബൈൽ ഫോൺ കൈകാര്യം ചെയ്യുമ്പോൾ അതിൽ നിന്നും പുറംതള്ളുന്ന റേഡിയേഷൻ കുട്ടിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. ഫോണിൽ നിന്നും പ്രസരിക്കുന്ന റേഡിയോ ഫ്രീക്യുൻസി (RF) റേഡിയേഷൻ നേരിട്ട് തലച്ചോറിനെയാണ് ബാധിക്കുന്നതെന്നു പഠനങ്ങൾ വെളിപ്പെടുത്തുന്നു. അവയിലെ കണികകൾക്കു ബ്രെയിൻ ട്യൂമർ ഉണ്ടാക്കുവാനും, അമിതവണ്ണം, ഉറക്കമില്ലായ്മ, കാൻസർ തുടങ്ങിയ പ്രശ്നങ്ങളിലേക്ക് എത്തിക്കുവാനും സാധിക്കും.

Neurological complaints, behavioural disorders, lack of concentration on studies എന്നിവ ക്യാൻസറിന് പുറമെ ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ ഉണ്ടാകാം. മുതിർന്നവരിൽ നിന്നും വിഭിന്നമായി വളരെ കനം കുറഞ്ഞ ലോലമായ ചർമ്മമായതിനാൽ കുട്ടികൾക്ക് അറുപതു ശതമാനം കൂടുതൽ റേഡിയേഷൻ ശരീരത്തിലെത്തും. ബ്രെയിൻ കോശങ്ങൾ വളരെയെളുപ്പം കേടായി ട്യൂമർ രൂപപ്പെടും. പഠനത്തിൽ താൽപ്പര്യം നഷ്ടപ്പെടാനും **ഗെയിംസ്, ചാറ്റിംഗ്, യൂട്യൂബ്, സോഷ്യൽ മീഡിയ** എന്നിവയിൽ മുഴുകി തന്റെ ഭാവി നശിപ്പിക്കുവാനും മൊബൈൽ ഫോൺ ഇടവരുത്തുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം കുറയുന്നു, ചുറ്റുപാടും നടക്കുന്ന കാര്യങ്ങളിൽ ശ്രദ്ധയില്ലാതെ സാമൂഹ്യപ്രശ്നങ്ങളിൽ നിന്നും അകലുന്നു, ഭക്ഷണ സമയത്തു പോലും മൊബൈലിൽ കളിക്കുന്നയാൾക്കു താൻ കഴിക്കുന്നത് നല്ല ആഹാരമാണോയെന്നു തിരിച്ചറിയാൻ പോലും കഴിയാതെ വരുന്നു. ഇപ്പോഴത്തെ അണുകുടുംബങ്ങളിൽ ഇങ്ങനെയുള്ള അകൽച്ച ഗുരുതരമായ മാനസികാരോഗ്യ പ്രശ്നങ്ങളും, സാമ്പത്തിക അരാജകത്വവും ഉണ്ടാക്കുകയും, ഉറക്കമില്ലായ്മയും, അമിതവണ്ണവും മറ്റു ഗുരുതര രോഗങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. പഠനത്തിലെ പിന്നോക്കാവസ്ഥ depression ജനിപ്പിച്ചു, മയക്കുമരുന്നു കളോടു ആഭിമുഖ്യമുള്ളയാളാക്കി മാറ്റും.

മൊബൈൽ ഫോണുപയോഗം കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ അനാരോഗ്യകരമാണ്. അത് മുളയിലേ നുള്ളണം. മദ്യവും, മയക്കുമരുന്നും പോലെ തന്നെ അമിതമായാൽ മൊബൈലും വിഷം.

# Current Affairs



**Dr. P.Y Ansari** was awarded with Ph.D by University of Kerala, ***He is working as Professor & HOD***, Dept. of Dravyaguna (Ayurvedic Pharmacology) **Govt. Ayurveda College, Tripunithura.** His thesis on a specific treatment approach called 'Taste Specific Drug Therapy' (Rasapravicharana chikitsa) in Ayurveda which is highly recommended for the management of many life style diseases.

## Pharma Quiz Answers

1. ATKINS DIET
2. HOMOEOPATHY
3. HAEMODIALYSIS
4. AIR POLLUTION
5. CAPSAICIN
6. RIFAMPICIN
7. VIBRIO CHOLERAE BACTERIA
8. IPC ( INDIAN PHARMACOPOEIA COMMISSION)
9. KETOGENIC DIET
10. JAN OUSHADHI

Write / Mail to us:

The Editor
Pharmafirst,
Nellimala Road,
Muvattupuzha-686661.

e-mail: editorial@pharmafirstconsuting.com

## INBOX

**വായനക്കാരുടെ വിലയേറിയ നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു**

1. ഫാർമഫസ്റ്റ് മാഗസിൻ വായിച്ചു. വൈവിദ്ധ്യമായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇന്റർനെറ്റ് കാലഘട്ടത്തിൽ ആരോഗ്യമേഖലയിൽ, പ്രത്യേകിച്ചും മരുന്നുകളെകുറിച്ച് അറിയാനായി ഒരു മാസിക നിലനിൽക്കേണ്ടത് ഈ കാലഘട്ടത്തിൽ ആവശ്യമാണ്. എല്ലാവിധ ആശംസകളും.

മാത്യു ഫിലിപ്പ് ,മെഡിക്കൽ കോളേജ്,കോട്ടയം.

പത്രാധിപർ : നന്ദി.
മാഗസിന്റെ വാർഷിക വരിസംഖ്യ 350 രൂപയാണ്. അത് ഞങ്ങളുടെ അക്കൗണ്ടിൽ അടച്ചുവരിക്കാരാകാവുന്നതാണ്.

2. I appreciate the efforts of the Editorial Team for giving importance to current threats in the Public health system and their practical suggestions. The Pharma quiz is found good. Your review of Ayurvedic medicines also are useful.

Dr.Krishnakumar.P.A. Thiruvalla.

Editor: Thank you.

3.ഫാർമ ഫസ്റ്റ് മാസികയുടെ നവംബർ ലക്കത്തിലെ ഡയബെറ്റിക് ന്യൂറോപ്പതിയെപ്പറ്റിയുള്ള ലേഖനം ഉപയോഗപ്രദമായി. ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ എങ്ങനെയാകണം എന്നത് സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാനും സാധിച്ചു. മുഖചിത്രം നന്നായി. ഇന്റർവ്യൂവും നല്ലനിലവാരം പുലർത്തി.

ഗംഗാധരൻ.എം., വഞ്ചിയൂർ,തിരുവനന്തപുരം.

പത്രാധിപർ : നന്ദി.

4. Your article on Pharm.D Job opportunities gave some hope to many students and their parents. Thanks to Dr.K.G.Revikumar. The section on higher studies after B.Pharm is interesting and please include the details of main colleges conducting the courses in Kerala.


K.M.Rajendran. Pariyaram,Kannur.

Editor: Thank you very much. We shall try to improve the contents regularly.

## ആരോഗ്യദൃശ്യം

കെ.എസ്. അരവിന്ദാക്ഷൻ






PHARMA FIRST
Pharma Consulting | Publication | Personal Care Products

# ഫാർമ ഫസ്റ്റ് നൽകുന്ന സേവനങ്ങൾ

മരുന്നുകളുടെയും കോസ്മെറ്റിക്സ്കളുടേയും നിർമ്മാണ, വിതരണ, വിപണന ഗവേഷണ, വികസന മേഖലയിലെ അവിഭാജ്യനാമം ഫാർമ ഫസ്റ്റ്

ഔഷധ നിർമ്മാണം, വിതരണം, വിൽപ്പന മേഖല ലാഭകരവും കാര്യക്ഷമവുമാക്കുന്നു.

തൊഴിലന്വേഷകർക്ക് അറിവും കഴിവും കണക്കാക്കി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു

ആയുർവേദ മരുന്ന് നിർമ്മാണം ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ആധുനീകരിക്കുന്നു

ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകുന്നു.

പുതിയ മരുന്നുകൾ, കോസ്മെറ്റിക്സ് നിർമ്മിക്കുന്നതിനും വിപണിയിൽ സജീവമാക്കുന്നതിനും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നു.

മരുന്നു നിർമ്മാണ വിതരണ വിഭാഗം ശക്തിപ്പെടുത്തുവാൻ ശാസ്ത്രീയമായ പരിശോധന നടത്തി പരിഹാരം കണ്ടെത്തുന്നു.

PHARMA FIRST
XVIII/302 Nellimala Road
Muvattupuzha-68666.

+91 8289856081
+91 9446056081

enquiry@pharmafirstconsulting.com
www.pharmafirstconsulting.com

## CONDUCT TRAINING PROGRAMS in

all sectors of Pharmaceutical Science
Education, Community Pharmacy & Industry.

ഫാർമഫസ്റ്റ് മാസിക
Vol-1 Issue-11 December 2019

RNI Reg. No : KERBIL/2019/77253
of the Registrar of Newspapers for India
Published on 05 December 2019

Price ₹30/-
Annual Sub:₹350/-

**Medigen Group**

Email: rahul@nomisma.in

All our firms will give same day credit note for expiry and sales return.

# HASSLE FREE SAME DAY CREDIT NOTE SETTLEMENT



**MEDIGEN PHARMA**
0484 4061906, 4037955

**MEDIGEN DRUGS**
9567870015

**A2Z WELLNESS COCHIN**
0484 4860545

**THODUPUZHA MEDIGEN PVT LTD**
0484 2229770

**MEDIGEN MEDICAL DISTRIBUTORS**
0484 486 0545

**MEDIGEN KOLLAM**
0484 2229770

**GREEN ASSOCIATES**
9744541100, 9946355331

**THODUPUZHA DRUG HOUSE PVT LTD**
9744541100, 9946355331

**MPC PHARMA COCHIN**
9746122417

**MG MEDICALS**
0484 2377636

**MPC PHARMA PVT LTD CHENNAI**
7299021023

**BIO PHARMA PVT LTD**
0484 2368827

**VS ENTERPRISES PVT LTD**
7909224448

Printed and Published by M.R.Pradeep,Propreitor,Pharma First,Muvattupuzha.Printed at M/s Karuna Offset Press,SNDP Junction,M.C.Road,Muvattupuzha-686661.
Published from MMC No.XVIII/302,Nellimala Road,Muvattupuzha, Ernakulam-686661.Phone:8289856081.Editor: M.R.Pradeep, M.Pharm.